ജോർജിയൻ

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 9 | ലക്കം 2 | നവംബർ 2005 | പേജ് 8

ആദരാഞ്ജലികൾ

കെ. ആർ. നാരായണൻ
(മുൻ രാഷ്ട്രപതി)

തങ്കത്തിളക്കം

ഇ സ വ ക അ ഭി മാ നി ക്കു ന്നു ജോ ർ ജി യ ൻ അ ഭി ന ന്ദി ക്കു ന്നു

തങ്കം എലിസബേത്ത് ജോർജ്
കുന്നങ്കര വല്ല്യത്തിൽ
മൂന്നാം റാങ്ക്, ബി. ടെക്. കമ്പ്യൂട്ടർ സയൻസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

വീണ്ടും വിജയം



അഡ്വ. ജോണി ജോസഫ് മാമ്മൂട്ടിൽ
പള്ളം ബ്ലോക്ക് പഞ്ചായത്തംഗം

ഉപനായകൻ



റോയി മാത്യു, സീയോൻ കുന്നേൽ
വൈസ് പ്രസിഡണ്ട്, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്

കന്നി വിജയം

എബിസൺ കെ. ഏബ്രഹാം
കാഞ്ഞിരത്തുംമൂട്ടിൽ
പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് അംഗം

യുവജനപ്രസ്ഥാനം സപ്തതിയിലേയ്ക്ക്.....

കോട്ടയം: ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ ഒരു വർഷം നീണ്ടുനിൽക്കുന്ന സപ്തതി ആഘോഷ പരിപാടികൾ നവംബർ 13 ന് ആരംഭിക്കും. 1936-ൽ യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് ഏകീകൃതരൂപം നൽകുന്നതിൽ പ്രമുഖ പങ്ക് വഹിച്ച തുമ്പമൺ ഭദ്രാസനത്തിലെ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലാണ് സപ്തതി ആഘോഷങ്ങളുടെ ഉദ്ഘാടനം നടക്കുന്നത്. ഞായറാഴ്ച 2 മണിക്ക് പത്തനംതിട്ട കെ. എസ്. ആർ. ടി. സി. ജംഗ്ഷനിൽ നിന്ന് സപ്തതി ആഘോഷ സന്ദേശയാത്ര ആരംഭിക്കും. സന്ദേശയാത്രയിൽ ആയിരകണക്കിന് യുവതിയുവാക്കൾ പങ്കെടുക്കും. മൂന്നിന് മാർ പീലക്സിനോസ് നഗറിൽ നടക്കുന്ന സമ്മേളനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ ഉദ്ഘാടനം ചെയ്യും. യുവജന പ്രസ്ഥാനം പ്രസിഡന്റ് അഭി. യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷതവഹിക്കും. സപ്തതി പദ്ധതികളുടെ ഉദ്ഘാടനം ഭക്ഷ്യവകുപ്പ് മന്ത്രി അടൂർ പ്രകാശ് നിർവ്വഹിക്കും. അഭി. ഫീലിപ്പോസ് മാർ യൗസേബിയോസ് സപ്തതി സന്ദേശം നൽകും.

സപ്തതി ആഘോഷങ്ങളുടെ ഭാഗമായി പഠനശിബിരം, വിജ്ഞാനസദസ്, വിദ്യാഭ്യാസ സഹായ പദ്ധതി, കുടിൽ രഹിത സഭ, എംപ്ലോയ്മെന്റ് ബാങ്ക്, വിവിധ പ്രസിദ്ധീകരണങ്ങൾ, ദിവ്യസന്ദേശം തുടങ്ങിയ പരിപാടികൾ നടത്തും.

- ജോർജിയൻ ടീം

അന്ത്യോഖ്യാ പാത്രിയർക്കീസിനെ മലങ്കരയിൽ സ്വീകരിക്കില്ല: പ. ബാവാ

അന്ത്യോഖ്യൻ പാത്രിയർക്കീസിനെ മലങ്കരയിൽ സ്വീകരിക്കില്ലെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദിദിമോസ് പ്രഥമൻ ബാവാ പറഞ്ഞു. കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണമായ ജോർജിയന് അനുവദിച്ച പ്രത്യേക അഭിമുഖത്തിലാണ് പുതിയതായി ചുമതല ഏറ്റ കാതോലിക്കാ ബാവാ ഇപ്രകാരം പറഞ്ഞത്.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദിതീയൻ കാതോലിക്കാ ബാവാ സ്ഥാനത്യാഗം ചെയ്തതിനെ തുടർന്ന് നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ മലങ്കര സഭയിലെ ഏഴാമത് കാതോലിക്കായായും ഇരുപതാമത് മലങ്കര മെത്രാപ്പോലീത്തായായും പൗരസ്ത്യദേശത്തെ എൺപത്തിനാലാമത്തെ കാതോലിക്കായായും സ്ഥാനമേറ്റു. ഒക്ടോബർ 31-ന് പരുമല സെമിനാരിയിൽ സ്ഥാനാരോഹണ ശുശ്രൂഷ നടന്നു.

ഇന്ത്യയുടെ കാവൽ പിതാവും കർത്ത്യ ശിഷ്യനുമായ വി. തോമ്മാശ്ലീഹായുടെ മറുപേരാണ് ദിദിമോസ്. കർത്താവിന്റെ 'ഇരട്ട' സഹോദരൻ എന്നാണ് ഈ പദം നൽകുന്ന അർത്ഥം.

തിരുവല്ല നെടുംമ്പ്രം മുളമൂട്ടിൽ ഇട്ടിയവിര തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മയുടെയും നാലാമത്തെ മകൻ സി. ടി. തോമസിൽ നിന്നും കാതോലിക്കാബാവായിലേക്കുള്ള ദൂരമത്രയും ആത്മീയതയുടേയും ആകസ്മികതയുടേതുമായിരുന്നു.

യുവജനങ്ങളുടെ അനുമോദനങ്ങൾ: കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രവർത്തകർ പ. ദിദിമോസ് പ്രഥമൻ ബാവായെ സന്ദർശിച്ച് ബൊക്ക നൽകുന്നു.

ചെറുപ്പത്തിൽ തന്നെ ആശ്രമജീവിതം തെരഞ്ഞെടുത്തു. കാരപ്പുഴ മാർ ഗ്രീഗോറിയോസ് ചാപ്പലിൽ 1942 മാർച്ച് 11 ന് പാതിനോമ്പ് ബുധനാഴ്ച കോറൂയോ പട്ടം ഏറ്റു. 1947 മെയ് 22 ന് പരിശുദ്ധ ഗീവർഗീസ് ദിതീയൻ ബാവാ തിരുമേനിയിൽ നിന്ന് ശെംശോനോ പട്ടം ഏറ്റു. 1950 ജനുവരി 25 ന് പത്തനാപുരം താബോർ ദയറായിൽ കശീശാ പട്ടം ഏറ്റു. 1965 മേയ് 16 ന് അവിടെ തന്നെ പരിശുദ്ധ ഒഔഗേൻ ബാവാ റമ്പാൻ സ്ഥാനം നൽകി. 1966 ഓഗസ്റ്റ് 24 ന് കോലഞ്ചേരി പള്ളിയിൽ മാർ തീമോത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. 1968 ഫെബ്രുവരി 2 ന് മലബാർ ഭദ്രാസനാധിപനായി. 1992 സെപ്തംബർ 10 ന് പരുമലയിൽ കൂടിയ മലങ്കര അസോസിയേഷൻ തിരുമേനിയെ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു. 2005 ഒക്ടോബർ 31 ന് പരമാദ്ധ്യക്ഷസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു.

നാലുഭാഗങ്ങളിലുള്ള ദൈവത്തിന്റെ വിശുദ്ധ സഭയെ മേയിച്ച് ഭരിക്കുന്ന... ആബൂൻ മാർ ബസേലിയോസ് എന്ന് വി. കുർബാനയിൽ ഇനിയും ഓർക്കുന്നത് 'ദിദി

(ശേഷം 7 - ാം പേജിൽ)

സ്ഥാനത്യാഗം ചെയ്യുന്ന മൂന്നാമത്തെ കാതോലിക്കാ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് ഒന്നരപതിറ്റാണ്ടു കാലം നേതൃത്വം നൽകിയ പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദിതീയൻ ബാവാ സ്ഥാനത്യാഗം ചെയ്തു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദിതിയൻ ബാവാ സ്ഥാനത്യാഗം ചെയ്യുന്ന മൂന്നാം പൗരസ്ത്യ കാതോലിക്കയാണ്. പരിശുദ്ധ ബസേലിയോസ് ഔഗേൻ ബാവാ, പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ എന്നിവരാണ് ഇതിനുമുമ്പ് സ്ഥാനത്യാഗം ചെയ്തവർ.

1980 മെയിൽ കൂടിയ മലങ്കര അസ്സോസിയേഷൻ കൊല്ലം ഇടവകയുടെ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെ മലങ്കര മെത്രാപ്പോലീത്തായുടെയും, കാതോലിക്കായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു.



1991 ഏപ്രിൽ 29-ാം തീയതി പരുമലയിൽ വച്ച് പരിശുദ്ധ സുന്നഹദോസ് അദ്ദേഹത്തെ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതിയൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തി. **- ജോർജിയൻ ടീം**

ആദരാഞ്ജലികൾ

ആലീസ് മർക്കോസ്
മാടപ്പാട്ട് എരുമത്താനം
St. George Youth Movement, Kuzhimattom

സെന്റ് ജോർജ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനം
കുഴിമറ്റം, കോട്ടയം

ഭാരവാഹികൾ 2005-06

പ്രസിഡന്റ്
ഫാ. ജയ് സഖറിയ
വൈസ് പ്രസിഡന്റ്
പി. ജെ. കുര്യൻ,
പട്ടശ്ശേരിൽ, പുഷ്പശ്ശേരിൽ
ജോൺസൺ പി. ചെറിയാൻ,
പട്ടശ്ശേരിൽ
സെക്രട്ടറി
രഞ്ജു കെ. മാത്യു,
കരോട്ട് പുത്തൻ പുരയ്ക്കൽ
ജോ. സെക്രട്ടറി
സി. ആർ. ഗീവർഗീസ്, ചിറപ്പുറം
ഹാൻസ് ബാബു, പട്ടശ്ശേരിൽ
കമ്മറ്റിയംഗങ്ങൾ
ജോർജ് മാത്യു
എണ്ണശേരിലായ എരുമത്താനം
ഋഷി അലക്സ്
ചാലുവേലിൽ
ജോബി പി. ചെറിയാൻ
പട്ടശ്ശേരിൽ
പ്രവീൺ ജോസഫ്
കാവനാടിയിൽ
ജെബിൻ കുറിയാക്കോസ്
വെട്ടുകുഴിയിൽ
ട്രഷറർ
അഭിലാഷ് കെ. ജേക്കബ്,
കണിയാംപറമ്പിൽ
ലൈബ്രേറിയൻ
ജോൺസൺ പി. ഏബ്രഹാം
പാലമൂട്ടിൽ
ഓഡിറ്റേഴ്സ്
രാജ് ഫിലിപ്പ്
മുതലകേരിൽ
ബിബി കെ. പോൾ
കുളങ്ങര
കലാ സാഹിത്യവേദി കൺവീനർ
രാജ് ഫിലിപ്പ്
മുതലകേരിൽ

ജോർജിയൻ

രക്ഷാധികാരി
ഫാ. ജയ് സഖറിയ
എഡിറ്റർ
രഞ്ജു കെ. മാത്യു,
കരോട്ട് പുത്തൻപുരയ്ക്കൽ
എഡിറ്റോറിയൽ ബോർഡ്
രാജ്ഫിലിപ്പ്, മുതലകേരിൽ
ജോൺസൺ പി. ചെറിയാൻ, പട്ടശ്ശേരിൽ
ഗീവർഗീസ് സി. ആർ., ചിറപ്പുറം
ഹാൻസ് ബാബു, പട്ടശ്ശേരിൽ

ഒരു നിമിഷം

ജോർജിയനെക്കുറിച്ചുള്ള നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒപ്പം അടുത്ത ലക്കത്തിലേക്കുള്ള സൃഷ്ടികളും ഞങ്ങൾക്ക് അയയ്ക്കുക.

എഡിറ്റർ
ജോർജിയൻ
സെന്റ്: ജോർജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം
കുഴിമറ്റം പി. ഒ. കോട്ടയം - 686533

ലേഖനം

ക്രിയാത്മകമായി ജീവിതം നയിക്കുക

പ്രൊഫ. മേരി ജോർജ്, കുന്നങ്കര

ഭൂതകാലത്തെ കീഴടക്കുവാനും വർത്തമാനകാലത്തെ ഉപയോഗിക്കുവാനും ഭാവികാലത്തിനുവേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കുവാനും താലന്തുകളെ കണ്ടെത്തുവാൻ ശ്രമിക്കുകയാണ് യുവത്വത്തിൽ ചെയ്യേണ്ടത്.

വെള്ളത്തിലെ ഓളം അടങ്ങിയാൽ മാത്രമേ പ്രതിബിംബം അതിൽ സ്പഷ്ടമാകുകയുള്ളു. പ്രാർത്ഥനയിൽ കേന്ദ്രീകൃതമായ മനസ്സിനു മാത്രമേ സ്വച്ഛത ലഭിക്കുകയുള്ളു. ദൈവശബ്ദം കേൾക്കുവാനും ദൈവത്തിങ്കലേക്കു നോക്കുവാനും പ്രാർത്ഥന സഹായിക്കും. ദൈവശബ്ദം കേട്ട് തിരിച്ചറിവ് ലഭ്യമായിക്കൊണ്ടിരിക്കുമ്പോൾ ജീവിതത്തിന് ക്രിയാത്മകമായ അവസ്ഥ ഉണ്ടാകും. സ്വയം തിരിച്ചറിയാനും നമ്മിലെ തന്നെ ബലഹീനതകൾ മനസ്സിലാക്കുവാനും അനുതാപ ഹൃദയത്തോടെ തെറ്റുകൾ തിരുത്തി ദൈവവുമായും മനുഷ്യരുമായും അനുരഞ്ജനത്തിലേക്കു നീങ്ങുവാനും സാധിക്കണം.

ആധുനിക കാലഘട്ടത്തിൽ ജീവിതം ആസ്വദിക്കുവാനും രസിക്കുവാനുമുള്ളതാണെന്ന ചിന്താഗതി യുവതീയുവാക്കളുടെ ഇടയിൽ വർദ്ധിച്ചു വരുന്നു. പുത്തൻ മാധ്യമ സംസ്ക്കാരം ഉയർത്തുന്ന വിപണിയുടെ ആഘോഷതന്ത്രമായി ജീവിതത്തെ പരിണമിപ്പിക്കുവാനുള്ള തന്ത്രപ്പാടിൽ തലമുറകളായി കൈമാറിക്കൊണ്ടിരിക്കുന്ന മൂല്യാധിഷ്ഠിത ജീവിതത്തിന്റെ സുഗന്ധവും സൗശീല്യവും നഷ്ടപ്പെടുന്നു.

ശരീരവും മനസ്സും ബുദ്ധിയും മൂല്യങ്ങളിൽ നിന്ന് ചിതറി പുതിയ പ്രവണതകളിലേക്ക് ക്രമാതീതമായ വേഗത്തിൽ തകർന്നു വീഴുമ്പോൾ ശരിയായതിനെ സ്വീകരിക്കുവാനാണ് യുവജനങ്ങൾ ശ്രമിക്കേണ്ടത്. അഗ്നിയുടെ സമീപത്തേക്ക് ആകർഷിക്കപ്പെടുന്ന ഈയാംപാറ്റകൾക്ക് നഷ്ടപ്പെടുന്നത് അതിന്റെ സ്വരൂപവും അസ്തിത്വവുമാണ്. താനാരെന്നും താനെന്തെന്നും താനെന്തിനെന്നും അറിയുമ്പോഴാണ് ജീവിതം അർത്ഥവത്താകുന്നത്. സ്വഭാവം രൂപീകരിച്ച് മനോബലം വളർത്തി ബുദ്ധിയെ വികസിപ്പിച്ച് മനുഷ്യനെ സ്വാശ്രയശീലനാക്കുന്ന വിദ്യാഭ്യാസം ചെറുപ്പം മുതൽ ലഭ്യമാക്കുവാൻ കുടുംബവും മതവും ശ്രമിക്കേണ്ടതാണ്. സാഹചര്യങ്ങളുടെ കുളിർമ്മയിൽ നിന്ന് ഓരോ വ്യക്തിയും സ്വയം ശിക്ഷണം നേടുവാൻ പ്രാപ്തനാകണം. മുതിർന്നവർ സമ്പർക്കം കൊണ്ടും സാന്നിദ്ധ്യം കൊണ്ടും സ്നേഹവും സത്യവും സംക്രമിപ്പിക്കുന്നവരായി ഉയരണം.

താല്ക്കാലികമായ പദവികൾക്ക് നെട്ടോട്ടമോടുന്ന പുതിയ കാലഘട്ടത്തിൽ ആത്മജ്ഞാനത്തിന് കഠിനമായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. അദ്ധ്വാനം കൂടാതെ സമ്പാദിക്കുവാനും മതിമറന്ന് ഉല്ലസിക്കുവാനും അല്ല നാം പരിശ്രമിക്കേണ്ടത്. മറിച്ച്, ക്ലേശകരമെങ്കിലും തത്വനിഷ്ഠയുള്ള ജീവിതം നയിച്ച് സ്രഷ്ടാവിനോടും സമൂഹത്തോടും നീതി പുലർത്തുന്നവരാകണം. ആൾക്കൂട്ടത്തിന്റെ ആരവാരങ്ങളുടെ ശബ്ദം കേൾക്കുമ്പോഴും സ്വന്തം ശബ്ദം ഉള്ളിൽ നിന്ന് ഗ്രഹിക്കുവാൻ ശാന്തത നേടണം.

നാം ഓരോരുത്തരും പോകേണ്ടുന്ന വഴി അറിയുവാൻ ദൈവത്തോട് ചേർന്ന് ജീവിക്കുവാൻ കാലേബിനെ മാതൃകയാക്കുക. സംഖ്യാപുസ്തകം 14:24 "എന്റെ ദാസനായ കാലേബോ, അവനു വേറൊരു സ്വഭാവമുള്ളതു കൊണ്ടും എന്നെ പൂർണ്ണമായി അനുസരിച്ചതു കൊണ്ടും അവൻ പോയിരുന്ന ദേശത്തേക്കു ഞാൻ അവനെ എത്തിക്കും." ഗോത്രപിതാക്കന്മാരുടെ ഇടയിൽ കാലേബിനെപ്പോലെ ദൈവത്തെ പൂർണ്ണമായി അനുസരിച്ചുകൊണ്ട് വേറൊരു സ്വഭാവമുള്ളവരായിത്തീരുമ്പോൾ ഓരോരുത്തർക്കും അവരവരുടെ ജീവിതം ക്രിയാത്മകമാക്കിത്തീർക്കാം.

◆

യാത്രാവിവരണം

തിരുപ്പിറവിയുടെ നാട്ടിൽ, തിരുവചനങ്ങളുടെ നാട്ടിൽ തിരുനാമങ്ങളുടെ നാട്ടിൽ, 8 നാളുകൾ.....

സിസ്റ്റർ റിബേക്കാ S.I.C. ബഥനി ആശ്രമം കുഴിമറ്റം

തികച്ചും അപ്രതീക്ഷിതമായിരുന്നു, ഞങ്ങളുടെ യിസ്രായേൽ യാത്ര. റവ. ഫാ. സ്ലീബാ കാട്ടമങ്ങാട്ടിന്റെ നേതൃത്വത്തിൽ Royal Omania Tours സംഘടിപ്പിച്ച 64-ാമത് വിശുദ്ധ നാട് യാത്രയിൽ ഞാനും എന്റെ കൂട്ടു സഹോദരി സിസ്റ്റർ പ്രിസ്കില്ലായും ഉൾപ്പെടെ 44 പേർ ഉണ്ടായിരുന്നു. ഈജിപ്റ്റും ഇസ്രായേലും കേവലം 8 ദിവസങ്ങൾ കൊണ്ട് കണ്ടു തീർക്കുവാൻ സാധിക്കില്ല എങ്കിലും മനസ്സിനേയും ശരീരത്തേയും ഒരുപോലെ ഊർജ്ജസ്വലമാക്കിയ ദിവ്യാനുഭൂതിയുടെ ധന്യമായ നാളുകളായിരുന്നു അവ.

ഈ തീർത്ഥയാത്ര നന്മയും പ്രയോജനവും ആയിത്തീരുവാൻ ഒരാഴ്ചമുമ്പു തന്നെ പ്രത്യേക നോമ്പും പ്രാർത്ഥനയുമായി ഞങ്ങൾ ഒരുങ്ങിക്കഴിഞ്ഞു. അമ്മയുടെ മടിത്തട്ടിൽനിന്നും പഠിച്ച ആദം - ഹവ്വാ കഥകൾ മുതൽ ഇന്നോളം അറിഞ്ഞും അനുഭവിച്ചിട്ടും ഉള്ള ആത്മീയ ജീവിതത്തിന്റെ അടിത്തറയും അത്താണിയുമായ ക്രിസ്തുദേവന്റെ നാട്ടിൽ കഴിയുക - ജീവിതത്തിലെ അവിസ്മരണീയമായ ദിനങ്ങളായി എന്നും നിലനിൽക്കുന്നു. ബേത്ലഹേം, മിസ്രയിം (ഈജിപ്റ്റ്), ഗലീലിയ തീബര്യാസ്, കഫർന്നഹും, നസ്രേത്ത്, കാനാ, ബഥാന്യ, യറുശലേം എന്നീ സ്ഥലങ്ങളും അവയോടു ബന്ധപ്പെട്ട ബൈബിളിലെ ചരിത്ര സംഭവങ്ങളും വെറും ഐതീഹ്യങ്ങളല്ല എന്ന് ആർക്കും തിരിച്ചറിവുണ്ടാകുന്നു എന്നതാണ് ഈ തീർത്ഥയാത്രയുടെ മറ്റൊരു വശം.

യാത്രയുടെ ഒരാഴ്ച മുമ്പ് പരസ്പരം പരിചയപ്പെടുവാനും അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഓർപ്പിക്കുവാനുമായി Omania Tours ന്റെ എറണാകുളം ഓഫീസിൽ ഞങ്ങൾ ഒത്തുകൂടി. ഡോക്ടേഴ്സ്, പ്രൊഫസേഴ്സ്, മിഷനറിമാർ, കൃഷിക്കാർ, സിസ്റ്റേഴ്സ് എന്നീ വിവിധ മേഖലകളിൽ ആയിരിക്കുന്ന 44 പേർക്കും ഈ കൂട്ടായ്മ വളരെ പ്രയോജനപ്പെട്ടു. ബാത്ത് ടബ്ബിലുള്ള കുളി അരോചകമെങ്കിൽ ഒരു മഗ്ഗ് കൂടി കരുതിക്കൊള്ളുവാൻ വരെ ഓർമ്മിപ്പിച്ചു. ഇസ്രായേൽ രാജ്യവും അതിനു ചുറ്റുമുള്ള അറബി രാജ്യങ്ങളും തമ്മിൽ ശത്രുതയിൽ ആയതിനാൽ രണ്ടു രാജ്യങ്ങളിലും കയറുന്നതിനും രാജ്യം വിട്ടു പോരുന്നതിനും കർശനമായ പരിശോധനകൾ ഉള്ളതുകൊണ്ട് ഒരു മൊട്ടുസൂചിപോലും ബാഗിൽ കരുതേണ്ട, എല്ലാം ലഗ്ഗേജിൽ ആക്കിക്കൊള്ളണമെന്നും സൂചിപ്പിച്ചു. ത്രീസ്റ്റാർ ഹോട്ടലുകളിൽ ഉള്ള താമസ സൗകര്യങ്ങളും, ഭക്ഷണവും എ. സി. കോച്ചിലുള്ള യാത്രയും എല്ലാം നല്ല മാനദണ്ഡത്തോടുകൂടിയുള്ള സജ്ജീകരണങ്ങളാണ് യാത്രയിലുടനീളം ഒരുക്കിയിരുന്നത്.

2005 ഏപ്രിൽ 25 മുതൽ മെയ് 2 വരെയായിരുന്നു ഞങ്ങളുടെ തീർത്ഥാടനം. നെടുമ്പാശ്ശേരി - കുവൈറ്റ്, കുവൈറ്റ് - ഈജിപ്റ്റ്, ഈജിപ്റ്റ് - യിസ്രായേൽ. ഇതായിരുന്നു റൂട്ട്. കുവൈറ്റ് എയർവേയ്സിൽ യാത്രയും.

വെളുപ്പിന് മൂന്നര ആകുമ്പോൾ എയർപോർട്ടിൽ എത്തേണ്ട ഞങ്ങൾ യാത്രയിൽ എന്തെങ്കിലും തടസ്സം ഉണ്ടായാൽ എന്നു ചിന്തിച്ചു 2 മണി ആയപ്പോഴേക്കും അവിടെ എത്തിക്കഴിഞ്ഞു. ബാഗേജ് പരിശോധനയും കഴിഞ്ഞു ഷോപ്പിംഗിനും ചില്ലറ ആവശ്യങ്ങൾക്കും വേണ്ട പണം ഡോളർ ആയി മാറ്റി എടുത്തു. രണ്ടു രാജ്യങ്ങളിലും യു. എസ്. ഡോളർ സ്വീകാര്യമായിരുന്നു. ബോർഡിംഗ് പാസ്സ് കാണിച്ചു എല്ലാവരും

(ശേഷം ആറാം പേജിൽ)

അനുസ്മരണം

വാഴച്ചിറ വി. എം. കുറിയാക്കോസ് കശ്ശീശാ: വേർപാടിന്റെ കാൽ നൂറ്റാണ്ട്...

പട്ടശ്ശേരിലായ വാഴച്ചിറ വറുഗീസ് മത്തായിയുടെയും മറിയാമ്മയുടേയും കനിഷ്ഠ പുത്രനായി വി. എം. കുറിയാക്കോസ് 1930 നവംബർ 28 ന് ഭൂജാതനായി. കുഴിമറ്റം സെന്റ് തോമസ് എൽ. പി. സ്കൂൾ, ചിങ്ങവനം സെന്റ് തോമസ് ഹൈസ്കൂൾ എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. കോട്ടയം സി. എം. എസ്. കോളജിൽ നിന്നും ഇന്റർമീഡിയറ്റ് പാസ്സായി. 1948 ൽ ശെമ്മാശ്ശുപട്ടം സ്വീകരിച്ചു. അതിനെത്തുടർന്നു തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്നു എം. എ. ഫിലോസഫി ഉയർന്ന മാർക്കോടെ പാസ്സായി. 1960 -ൽ ഇംഗ്ലണ്ടിലെ ബർമ്മിങ്ഹാം സർവ്വകലാശാലയിൽ നിന്നും മനശ്ശാസ്ത്രത്തിൽ ഡിപ്ലോമാ കരസ്ഥമാക്കി. 1966 ൽ പൂർണ്ണ വൈദിക പദവിയിലേക്കുയർത്തപ്പെട്ടു.

ബഹുമാനപ്പെട്ട കുറിയാക്കോസ് അച്ചന്റെ ജീവിതം പ്രാർത്ഥന, പാണ്ഡിത്യം, പ്രവർത്തനം എന്നിവയുടെ യഥോചിതമായ സമന്വയമായിരുന്നു. കേരള സർവ്വകലാശാലയുടെ വിദ്യാഭ്യാസ വകുപ്പിൽ റിസേർച്ച് ഓഫീസർ, ഷില്ലോംഗ് യൂണിയൻ ക്രിസ്ത്യൻ കോളജിൽ പ്രൊഫസർ, പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജ് അദ്ധ്യാപകൻ, ഡമാസ്ക്കസ് തിയോളജിക്കൽ കോളജിലെ പ്രൊഫസർ, ഭിലായി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ എന്നീ നിലകളിൽ അദ്ദേഹം സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. അച്ചനുമായി ബന്ധപ്പെടുന്നതിനിടയായിട്ടുള്ള പലരും അച്ചന്റെ കഠിനപ്രയത്നത്തേയും ബുദ്ധിശക്തിയേയും ധാർമ്മിക സ്ഥൈര്യത്തേയും ശ്ലാഘിച്ചിട്ടുണ്ട്.

ആവരണമില്ലാതെ സംസാരിക്കുന്ന പ്രകൃതത്തിന്റെ ഉടമസ്ഥനായിരുന്നു. ആഴമേറിയ ദൈവവിശ്വാസവും, സ്ഥിരോത്സാഹവും അച്ചനെ ബഹുമുഖമായ പ്രവർത്തനത്തിന് സജ്ജനാക്കി. പാക്കിൽ സെന്റ് തോമസ്, വാകത്താനം സെന്റ് ജോൺസ്, കുറിച്ചി മാർ ബസേലിയോസ്, ചേന്നങ്കരി സെന്റ് തോമസ്, കൊല്ലാട് സെന്റ് പോൾസ്, താബോർ പാച്ചിറ എന്നീ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ച അച്ചൻ ബാഹ്യകേരളത്തിൽ ബോംബെയിലെ ദാദർ പള്ളിയിൽ വികാരിയായി സ്തുത്യർഹമായി പ്രവർത്തിച്ചിട്ടുണ്ട്.

ചാത്തന്നൂർ വെട്ടിക്കാട്ട് വീട്ടിൽ ഇട്ടിച്ചാണ്ടി മുതലാളിയുടെ പുത്രി ലീലാമ്മയെ 1955 -ൽ അദ്ദേഹം വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അജിത് മാത്യു വി. കെ. എന്ന പുത്രനും ലീനാ, സിയാ, അനി എന്ന മൂന്നു പുത്രിമാരുമായി നാലു മക്കളാണുള്ളത്.

1980 ജൂൺ 15 ന് കുറിയാക്കോസ് അച്ചന്റെ ധന്യജീവിതത്തിന് ആകസ്മികമായി തിരശ്ശീല വീണു. ഇടവകപ്പള്ളിയിലെ സെമിത്തേരിയിൽ പ്രത്യേകമായി തയ്യാറാക്കിയ കല്ലറയിൽ അദ്ദേഹത്തിന്റെ ഭൗതിക ശരീരം സംസ്കരിച്ചു.

പള്ളി ശതാബ്ദി ആഘോഷ സമാപന പരിപാടികളോട് അനുബന്ധിച്ച് 2000 ഡിസംബർ 17 ന് ഞായറാഴ്ച വി. കുർബാനാനന്തരം അച്ചന്റെ ഫോട്ടോ പള്ളി പ്ലാറ്റിനം ജൂബിലി മെമ്മോറിയൽ ഹാളിൽ അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് അനാച്ഛാദനം ചെയ്തു.

ഈ വന്ദ്യാത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.



(കടപ്പാട്: പ്രയാണ സ്മൃതി)

◆

ഗവേഷണം

പ. പരുമല തിരുമേനിയുടെ ഫോട്ടോ

ഡിക്രൂസ് എടുത്ത ഫോട്ടോ

രാജാ രവിവർമ്മ വരച്ച ചിത്രം

1902 ജനുവരിയിൽ തിരുവനന്തപുരം സെന്റ് ജോർജ് പള്ളിയങ്കണത്തിൽ വച്ച് ഡിക്രൂസ് എന്ന സായ്പ് എടുത്ത പ. പരുമല തിരുമേനിയുടെ ഫോട്ടോ. ഈ ചിത്രത്തിലെ മുഖഭാവത്തോട് ഏകദേശമെങ്കിലും സാമ്യം നിൽക്കുന്ന ഏതാനും ചിത്രങ്ങളേ ഇതുവരെ രചിക്കപ്പെട്ടിട്ടുള്ളു. ഇപ്പോഴത്തെ പ്രമുഖ ചിത്രകാരന്മാരാരും വരയ്ക്കുന്ന ചിത്രങ്ങൾക്ക് ഈ മുഖഭാവമില്ല എന്ന കാര്യം ശ്രദ്ധിക്കുക.

ആധുനിക കമ്പ്യൂട്ടർ ടെക്നോളജികൾ ഉപയോഗിച്ച് ഈ ചിത്രത്തെ കളറിലാക്കാനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടിരിക്കുകയാണ്. ഈ ഫോട്ടോ യിലെ മുഖഭാവത്തോട് ഏകദേശ സാമ്യമുള്ള ഒരു ചിത്രമാണ് രാജാ രവിവർമ്മ വരച്ച് കുമരകം ആറ്റമംഗലം പള്ളിയിൽ സൂക്ഷിച്ചിരിക്കുന്ന ഛായാചിത്രം. ആ ചിത്രം കോട്ടയം ചിത്രാ സ്റ്റുഡിയോയിലെ കളർലാബിൽ 'മനോഹരമാക്കി'യതാണിപ്പോൾ (കുളമാക്കിയത്) പാത്രിയർക്കീസ് വിഭാഗം തങ്ങളുടെ ചിത്രമായി ഉപയോഗിച്ചു വരുന്നത്. പ. പരുമല തിരുമേനിയുടെ വിശുദ്ധമായ മുഖഭാവം ചിത്രകാരന്മാർക്കും പൂർണമായി പകർത്താനാവാതെ ഇപ്പോഴും നിലകൊള്ളുന്നു.

ഡിക്രൂസിനു നന്ദി; ഈ പരിശുദ്ധന്റെ മുഖം മനോഹരമായി ഞങ്ങൾക്കായി പകർത്തിയതിന്.

- ജോയ്സ് തോട്ടയ്ക്കാട്



പാത്രിയർക്കീസ് വിഭാഗം ഉപയോഗിക്കുന്ന ചിത്രം

കവിത

പൊൻകുരുത്തൽ

ഓശാനപൂക്കളായി നിന്നുടെ വീഥിയിൽ
നിറയുവാനെനിക്ക് കഴിഞ്ഞെങ്കിൽ
നിന്നെ വഹിക്കുവാൻ യോഗ്യതയുള്ളൊരു
കഴുതയായിത്തീരുവാൻ കഴിഞ്ഞെങ്കിൽ
നിൻ വലഭാഗത്തായി ക്രൂശിച്ച തസ്ക്കരനാകാനെനിക്ക് കഴിഞ്ഞെങ്കിൽ
നിന്നുടെ വസ്ത്രത്തിൻ തൊങ്ങലിൽ
തൊട്ടൊന്ന് വിലപിക്കുവാൻ കഴിഞ്ഞെങ്കിൽ
മഗ്ദലന മറിയം പോലെന്നുടെ പാപങ്ങൾ
ഏറ്റുപറയുവാൻ കഴിഞ്ഞെങ്കിൽ
ധന്യമായിത്തീരുമെൻ ജീവിതം നാഥാ
ആ കാൽക്കൽ വീണൊന്നു ഞാൻ കേണാൽ.

ലോകമാം സാഗരം എന്നെ വഹിച്ചുകൊണ്ടോ തിശയിലേക്ക് ഒഴുകി,
ലോകം ഭരിക്കുന്ന ദുഷ്ടശക്തികളെൻ
നേരെ ചീറിയടുത്തു.
ക്രൂശിന്റെ നേരെ ഒന്നു ഞാൻ നോക്കി,
ആ ദിവ്യത്യാഗം ഞാൻ കണ്ടു.
പാഞ്ഞുവന്നെനെയെടുത്തു തൻ
ഉള്ളം കൈയിൽ വഹിച്ചു.
എന്നെ രക്ഷിക്കുവാൻ യേശു ചാരത്തെങ്കിൽ
ആരുണ്ടെന്മീതെ പറക്കാൻ?
എന്നെ കരുതുവാൻ നീ അരികത്തെങ്കിൽ
ആർക്കുമാവനില്ലെന്നേ ഭരിപ്പാൻ.....

റെയിനി തോമസ്, പാട്ടത്തിൽ പുത്തൻപുരയ്ക്കൽ

മഞ്ഞു പൊഴിയുന്ന വസന്ത രാവിൽ.....
വിശുദ്ധിയുടെ പൂനിലാവായി....
ആർത്തിരമ്പുന്ന തിരമാലകൾ പോലെ....
ഹൃദയസ്പന്ദനം തൊട്ടറിയുന്ന ഒരു കലാവിരുന്ന്....

ജോർജിയൻ കലാസാഹിത്യവേദി ഒരുക്കുന്ന

ഹെവൻലിനൈറ്റ് 2005

(ക്രിസ്തുമസ് പുതുവത്സര പരിപാടി)

2005 ഡിസംബർ 30 വെള്ളി വൈകിട്ട് 6.00 മുതൽ

കുഴിമറ്റം പള്ളി പാരിഷ് ഹാളിൽ

എഡിറ്റോറിയൽ

ജോർജിയൻ
പുസ്തകം 8 ലക്കം 2
ഡിസംബർ - ഫെബ്രുവരി 2005

യുവജനപ്രസ്ഥാനത്തിൽ ഇനി വനിതകളും

69-ാം ദേശീയ സമ്മേളനത്തോടനുബന്ധിച്ച് നടന്ന യൂത്ത് അസംബ്ലി നിർദ്ദേശപ്രകാരം 2005 ജൂൺ 24ന് കൂടിയ പരിശുദ്ധ സുന്നഹാദോസ് യുവജനപ്രസ്ഥാനത്തിൽ വനിതകളെയും പങ്കെടുപ്പിക്കുവാനും ഭാരവാഹികൾ ആക്കുവാനും അംഗീകാരം നൽകിയിരിക്കുകയാണ്. സപ്തതിയിലേക്ക് കടക്കുന്ന യുവജനപ്രസ്ഥാനം പ്രവർത്തനങ്ങൾക്ക് യുവതികളുടെ സാന്നിദ്ധ്യം കരുത്ത് പകരുമെന്നതിലും അത് സഭയുടെ ഉയർച്ചയ്ക്ക് കാരണമാകുമെന്നതിലും തർക്കമില്ല.

സൺഡേസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം നമ്മുടെ സഭയിലെ യുവതികൾക്ക് ആവശ്യമായ ആത്മീയ പരിശീലനം ലഭിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ലായിരുന്നു. യുവജനപ്രസ്ഥാനം പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതോടെ ആത്മീകവും സാമൂഹികവും സാംസ്കാരികവുമായ വളർച്ച കൈവരിക്കുവാൻ യുവ തികൾക്ക് കഴിയും യുവജനപ്രസ്ഥാത്തിൽ യുവതിക ളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുവാൻ അതാത് ഇടവക കളുടെ സാഹചര്യമനുസരിച്ച് യൂണിറ്റ് യോഗങ്ങളുടെ സമയം, പ്രവർത്തനരീതികൾ എന്നിവ ക്രമീകരിക്കേണ്ടിയിരിക്കുന്നു.

മാർത്തോമ്മാ യുവജനസഖ്യം, കെ.സി.വൈ.എം, യുവദീപ്തി തുടങ്ങിയ ക്രൈസ്തവ യുവജനങ്ങൾ യുവതികളെ പങ്കെടുപ്പിച്ച്കൊണ്ട് പ്രവർത്തനങ്ങൾ ഭംഗിയായി കൊണ്ടുപോകുന്നുണ്ട്. ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിനും അതിന് കഴിയണം. കഴിവും പ്രാപ്തിയുമുള്ള യുവതികൾ യുവജനപ്ര സ്ഥാനം നേതൃത്വത്തിലേയ്ക്ക് കടന്നുവരണം.

കോട്ടയം ഭദ്രാസനത്തിലെ ഭദ്രാസന ഡിസ്ട്രിക്റ്റ് പരിപാടികളിൽ കഴിഞ്ഞ മൂന്ന് വർഷമായി വനിതകൾ പങ്കെടുക്കുന്നുണ്ട്. വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് ഇതിനോടകം വിവിധ യൂണിറ്റുകൾ പ്രവർത്തനങ്ങൾ പുനഃക്രമീകരിച്ചിരിക്കുകയാണ്. നമ്മുടെ യൂണിറ്റിലെയും പൊതുപരിപാടികളിൽ വർഷങ്ങളായി യുവതികൾ പങ്കെടുക്കുകയും പരിപാടികൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നുണ്ട്.നമ്മുടെ യൂണിറ്റ് യോഗങ്ങളിലും വനിതകൾക്ക് പങ്കെടുക്കുവാൻ അവസരം നൽകേണ്ടിയിരിക്കുന്നു.

സഭയുടെ പുതിയ ഇടയൻ പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവായ്ക്ക് ജോർജിയന്റെ ഭാവുകങ്ങൾ നേരു ന്നു. ശരിയായ രീതിയിൽ സഭയെ നയിക്കുവാൻ അദ്ദേഹത്തിന് കഴിയട്ടെ. സപ്തതിയാഘോഷിക്കുന്ന യുവജനപ്രസ്ഥാനം പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകുന്നു.

"പള്ളിക്ക് കൊടുപ്പാനുള്ളതു വേഗത്തിൽ കൊടുത്തു തീർക്കണം. ആ കാര്യത്തിൽ നിങ്ങൾക്കു ശുദ്ധമനസ്സുണ്ടായിരിക്കുമെങ്കിൽ മാത്രമെ നിങ്ങളുടെ ഭവനകാര്യവും ശുഭമായിത്തീരൂ. ആവകയിൽ വല്ല ലാഭമോ എന്തെങ്കിലും ഇങ്ങോട്ടു പറ്റുവാൻ ഇടവരുന്നു എന്നാകിൽ അതും അതിൽ പത്തിരട്ടിയും നിങ്ങളിൽ നിന്നു അന്യർ കൊണ്ടു പോകുവാൻ ഇടവരികയും ചെയ്യും. അതിനാൽ നിങ്ങളെല്ലാവരും ദൈവാശ്രയത്തിലും, സഹോദരസ്നേഹത്തിലും അയൽക്കാരോടുള്ള സംപ്രീതിയിലും നിർമ്മലമുള്ളവരായിരിപ്പിൻ"

- പരുമല മാർ ഗ്രീഗോറിയോസ്

ലേഖനം

നിത്യ ജീവൻ

ബ്രദർ ബെഞ്ചി (ബഥനി ആശ്രമം, കുഴിമറ്റം)

ക്രിസ്ത്യാനികൾ അഥവാ സംഘടിത ക്രൈസ്തവ സഭാംഗങ്ങൾ വിശ്വസിക്കുന്നത് യേശു ദൈവപുത്രനും രക്ഷകനും ദൈവവുമാണെന്നും വിശ്വസിക്കുന്നവർ മാത്രമേ നിത്യജീവൻ പ്രാപിക്കുകയുള്ളു എന്നാണല്ലോ? ഈ വിശ്വാസം പള്ളികളിലും സഭാവേദികളിലും അവർ സധൈര്യം പറയും എന്നാൽ മറ്റുമതവിശ്വാസക്കാരുമായി ഇടപെടുമ്പോൾ പ്രത്യേകിച്ച് ഒരു സർവ്വമത സമ്മേളനത്തിലാണെങ്കിൽ ഈ വിശ്വാസം അവർ പുറത്ത് പറയുകയില്ല. എല്ലാ മതങ്ങളും ദൈവത്തിലേക്കുള്ള വിവിധ വഴികളാണെന്ന് പറയുകയും ചെയ്യും.

ക്രിസ്ത്യാനികൾ അവർക്ക് മാത്രമായി സൂക്ഷിക്കുന്ന അടിസ്ഥാനമായി അവർ കാണുന്നത് "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു" എന്ന തിരുവചനങ്ങളാണ്. അപ്പോൾ യേശുവിൽ പൂർണ്ണമായി വിശ്വസിക്കുന്നവനേ നിത്യജീവൻ ലഭിക്കു. നമ്മൾ ഒരാളെ വിശ്വസിക്കുന്നു എന്നു പറഞ്ഞാൽ എന്താണ് അർത്ഥമാക്കേണ്ടത്? ആ ആളിന്റെ ഉപദേശങ്ങൾ എല്ലാം സ്വീകരിക്കും, കാട്ടിതരുന്ന വഴിയെ സംശയം കൂടാതെ നടക്കും എന്നല്ലേ? അങ്ങനെയെങ്കിൽ യേശുവിൽ വിശ്വസിക്കുന്നവർ തീർച്ചയായും യേശുവിന്റെ ഉപദേശങ്ങൾ സ്വീകരിച്ച് യേശു കാണിച്ചു തന്ന വഴിയെ നടക്കണം പതറാതെ.

പള്ളിയിലേക്കുള്ള വഴി ചോദിക്കുന്നയാളോട് വഴിപറഞ്ഞ് കൊടുക്കുന്നയാൾ വഴികാട്ടിയാണ്. എന്നാൽ പള്ളിലേക്കാണോ? എന്റെ കൂടെ വന്നോളു എന്ന് പറയുന്നയാൾ വഴിയും വഴികാട്ടിയുമാണ്. യേശു വഴിയും സത്യവും ജീവനും എന്ന് വിശ്വസിക്കുന്നെങ്കിൽ യേശുവിന്റെ ഉപദേശങ്ങൾ പ്രകാരം ജീവിക്കണം. അതിൽ കുറഞ്ഞതൊന്നും മതിയാകയില്ല.

ഏതെങ്കിലും പ്രത്യേക സാഹചര്യങ്ങളിൽ മാത്രം ചെയ്യാനുള്ളതല്ല യേശുവിന്റെ ഉപദേശങ്ങൾ. നിത്യേന അവ അനുസരിക്കണം. യേശു പഠിപ്പിച്ചു. ''തമ്മിൽ തമ്മിൽ സ്നേഹിക്കുക'' എന്നും "എന്നെക്കാൾ കൂടുതലായി അപ്പനെയോ അമ്മയെയോ ഭാര്യയേയോ ഭർത്താവിനെയോ മക്കളെയോ സ്നേഹിക്കുന്നവൻ എനിക്കു സ്വീകാര്യനല്ല" ഇതെങ്ങനെയാണ് ജീവിതത്തിൻ പകർത്തേണ്ടത്. വേണ്ടപ്പെട്ടവരെ ഒക്കെ ഉപേക്ഷിക്കുകയോ? അല്ല.

നമ്മളിലൊരാൾ ഒരു സ്ഥാപനത്തിന്റെ അധിപനാണെന്ന് കരുതുക. ആ സ്ഥാപനത്തിൽ സാമാന്യം ആകർഷണിയമായ ഒരു ഉദ്യോഗത്തിൽ ഒഴിവുണ്ട്. ഉദ്യോഗാർത്ഥികളുടെ കൂട്ടത്തിൽ നിങ്ങളുടെ മകനും, പക്ഷേ അവനെക്കാൾ യോഗ്യൻ വേറെയുണ്ട്. നിങ്ങൾ ആ യോഗ്യതയുള്ളവനെ നിയമിക്കുമോ അതോ മകനെ കൂടുതൽ കരുതുമോ. മകനെക്കാൾ കൂടുതൽ യഥാർത്ഥ നീതിയെ കരുതിയാൽ അയാൾക്ക് വിഡ്ഢിയെന്ന് ഓമനപ്പേരു ലഭിക്കും. അല്ലേ. യഥാർത്ഥ നീതിക്കുവേണ്ടി ആ കുരിശ് സഹിക്കാൻ തയ്യാറാകുന്നെങ്കിൽ അയാൾ അയാളുടെ കുരിശ് ചുമന്ന് കൊണ്ട് യേശുവിനെ അനുഗമിക്കുകയായിരിക്കും ചെയ്യുന്നത്. ആ വഴി സത്യത്തിലേക്കും ജീവനിലേക്കുമുള്ളതായിരിക്കും. അവസാന നാളിൽ ന്യായവിധി സമയത്ത് യേശു അയാളോട് ഞാൻ ഒരു ഉദ്യോഗാർത്ഥിയായി നിന്റെ മുമ്പിൽ വന്നു നിന്റെ മകനേക്കാൾ എന്നെ നീ സ്നേഹിച്ചു കരുതി നിനക്ക് നീതി ലഭിക്കും എന്നു പറയും.

അങ്ങനെ യേശുവിന്റെ വഴിയിൽ യേശുവാകുന്ന വഴിയിൽ നടക്കുന്നവൻ നിത്യജീവനിലേക്ക് കടക്കും.

യഹോവയിൽ സന്തോഷിപ്പിൻ

പി. ജെ. കുര്യൻ, പട്ടശ്ശേരിൽ പുഷ്പശ്ശേരിൽ

ചിരി മാനസികവും കായികവുമായി ഉന്മേഷം പകരുന്നതാണ്. പല അസുഖങ്ങൾക്കും ചിരി ഒരു പ്രതിവിധിയായി ശാസ്ത്രം ചൂണ്ടിക്കാണിക്കുന്നു. ഇന്ന് പലയിടങ്ങളിലും ചിരി ക്ലബുകൾ തുടങ്ങിയിട്ടുണ്ട്. ഉച്ചത്തിൽ കുലുങ്ങിചിരിച്ചാൽ ആന്തരീക അവയവങ്ങൾ ശക്തിപ്പെടാൻ വേണ്ട ഊർജ്ജം ലഭിക്കുമെന്നാണ് വിദഗ്ദ്ധർ പറയുന്നത്. അടിവയർ കുലുങ്ങുന്ന വിധമാണ് ചിരിക്കേണ്ടത്. ചിരിക്കുന്ന - പുഞ്ചിരിക്കുന്ന മുഖവുമായി മറ്റുള്ളവരെ സ്വീകരിക്കുക.

സങ്കീർത്തനം 35:9 - ൽ പറയുന്നു എന്റെ ഉള്ളം യഹോവയിൽ ആനന്ദിക്കും അവന്റെ രക്ഷയിൽ സന്തോഷിക്കും. 69:32 സൗമ്യതയുള്ളവർ അതുകണ്ട് സന്തോഷിക്കും. ദൈവത്തെ അന്വേഷിക്കുന്നവരേ, നിങ്ങളുടെ ഹൃദയം ജീവിക്കട്ടെ. 33:21 അവന്റെ വിശുദ്ധനാമത്തിൽ നാം ആശ്രയിക്കുകയാൽ നമ്മുടെ ഹൃദയം അവനിൽ സന്തോഷിക്കും. 31:7 ഞാനോ യഹോവയിൽ ആശ്രയിക്കുന്നു. ഞാനവന്റെ ദയയിൽ ആനന്ദിച്ചു സന്തോഷിക്കുന്നു. ആരാണ് ഭാഗ്യവാൻ എന്ന് സങ്കീർത്തനം ഒന്നിന്റെ ഒന്നിലും രണ്ടിലും പറയുന്നു. 9:2 ഞാൻ സന്തോഷിച്ചുല്ലസിക്കും യഹോവയോടുള്ള സാമീപ്യത്തിലൂടെ എത്ര മാത്രം സന്തോഷമാണ് അനുഭവിക്കുവാൻ സാധിക്കുന്നത് എന്നു നോക്കുക. 21:6 നിന്റെ സന്നിധിയിലെ സന്തോഷം കൊണ്ട് അവനെ ആനന്ദിപ്പിക്കുന്നു. 40:16 നിന്നെ അന്വേഷിക്കുന്ന എല്ലാവരും നിന്നിൽ ആനന്ദിച്ചു സന്തോഷിക്കട്ടെ.

സന്തോഷത്തെപ്പറ്റി വേദപുസ്തകത്തിലെ മറ്റുഭാഗങ്ങളിലും സൂചിപ്പിക്കുന്നുണ്ട്. നാം ഇടപെടുന്ന എല്ലാ രംഗങ്ങളിലും എങ്ങനെ സന്തോഷപ്രദമാക്കാമെന്നാണ് ചിന്തിക്കേണ്ടത്. ദാനധർമ്മങ്ങൾ ആണെങ്കിൽ തന്നെ സന്തോഷത്തോടെ ആയിരിക്കണം. സംശയിക്കാതെ ദൈവത്തിൽ ആശ്രയിക്കുക. നമ്മുടെ എല്ലാ പ്രശ്നങ്ങളും ദൈവമുമ്പാകെ വയ്ക്കുക. ദൈവം നമുക്ക് അവ സന്തോഷത്തിനാക്കി തരും. ◆

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സഹായം

ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉചിതമായ കാൽവെപ്പ്

10 ലക്ഷം രൂപാ മൂലധനനിക്ഷേപം സ്വരൂപിക്കണമെന്ന ലക്ഷ്യത്തോടുകൂടി 2001 സെപ്റ്റംബറിൽ പ്രവർത്തനം ആരംഭിച്ച ചാരിറ്റബിൾ ട്രസ്റ്റ് ഇതിനകം ആ ലക്ഷ്യം കൈവരിക്കുകയും അതിൽനിന്ന് ലഭിക്കുന്ന പലിശ വിഭാവനം ചെയ്തിരിക്കുന്ന ജീവകാരുണ്യപരമായ ആവശ്യങ്ങൾക്ക് നൽകിവരികയും ചെയ്യുന്നു. കഴിഞ്ഞ നാല് വർഷം കൊണ്ട് 1,12000 രൂപാ ചാരിറ്റി പ്രവർത്തനങ്ങൾക്കായി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

നിക്ഷേപങ്ങളുടെ പലിശനിരക്ക് ഇപ്പോൾ വളരെ കുറവായതിനാൽ പ്രതീക്ഷിച്ചിരുന്ന രീതിയിൽ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുന്നില്ല. എങ്കിലും സഹായത്തിനായി പള്ളിയിൽ എത്തുന്നവർക്ക് പരിമിതമായ തോതിൽ സഹായങ്ങൾ നൽകി വരുന്നു.

ഈ ഇടവകയിലെ നിർധനരായ പല കുടുംബങ്ങളിൽ നിന്നും നേഴ്സിംഗ് തുടങ്ങിയ കോഴ്സുകൾക്ക് കേരളത്തിനകത്തും പുറത്തും കുട്ടികളെ ചേർത്തിട്ടുണ്ട്. പ്രവേശനസമയത്ത് കൊടുക്കേണ്ട ഭീമമായ തുകയ്ക്ക് പുറമേ ഓരോ മാസവും ഹോസ്റ്റൽഫീസ് തുടങ്ങിയ ഇനങ്ങളിൽ ആയിരത്തിൽ അധികം രൂപാ ഓരോരുത്തർക്കും എത്തിച്ചു കൊടുക്കേണ്ടതുണ്ട്. അങ്ങനെ പ്രയാസപ്പെടുന്ന ഇടവകയിൽപെട്ട കുടുംബങ്ങൾക്ക് ഈ അവസരത്തിൽ സഹായം നൽകേണ്ടത് ഇടവകയുടെ ഉത്തരവാദിത്വവും ധർമ്മവുമാണ് എന്ന് ചാരിറ്റബിൾ ട്രസ്റ്റ് കമ്മറ്റി കരുതുന്നു. ഓരോ മാസവും ഒരു നിശ്ചിത തുക ആ കുട്ടികളുടെ പേരിൽ വായ്പ ആയി നൽകുന്നതിനാണ് ആഗ്രഹിക്കുന്നത്. ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകുന്ന രീതിയിൽ ജോലി ലഭിക്കുമ്പോൾ തുക തിരികെ അടയ്ക്കണമെന്നാണ് വ്യവസ്ഥ.

ചാരിറ്റി ബോക്സുകളിൽ നിന്ന് ലഭിക്കുന്ന തുക കൊണ്ട് ഈ ആവശ്യം നിർവഹിക്കാമെന്നാണ് കണക്കാക്കിയിരിക്കുന്നത്. 16 പേർക്ക് ഈ വർഷം സഹായം നൽകുന്നതിന് ഒരു ലക്ഷത്തോളം രൂപ വേണ്ടിവരും. വരും വർഷങ്ങളിലും അർഹരായ കുട്ടികൾക്ക് സഹായം നൽകേണ്ടതുള്ളതുകൊണ്ട് ഇപ്പോൾ സഹായം സ്വീകരിക്കുന്നവർ തുകകൾ തിരികെ അടച്ചെങ്കിലേ ഈ പദ്ധതി തുടർന്നു കൊണ്ടുപോകുവാൻ കഴിയൂ.

ഇടവകയിലെ എല്ലാ കുടുംബങ്ങളും പരസ്പരം സഹായിക്കുന്നതിനും അങ്ങനെ ഇപ്പോൾ പ്രയാസം അനുഭവിക്കുന്ന കുടുംബങ്ങളെ സാമ്പത്തികമായി ഉദ്ധരിക്കുന്നതിനും ഇത് സഹായകരമാകുമെന്ന് ട്രസ്റ്റിന്റെ പ്രവർത്തകർ കരുതുന്നു.

പി. ജെ. അലക്സാണ്ടർ പാലമൂട്ടിൽ
(കൺവീനർ)

വാർത്തകൾ

കുഴിമറ്റം ബഥനി ആശ്രമത്തിൽ അഭി. യൂഹാനോൻ മാർ അത്താനാസിയോസ് ചരമ രജതജൂബിലി സമ്മേളനം

കുഴിമറ്റം: മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഥമ സന്യാസ പ്രസ്ഥാനമായ ബഥനിസമൂഹത്തിന്റെ മുൻ സാരഥിയും കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്തായുമായിരുന്ന അഭി. യൂഹാനോൻ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ചരമ രജത ജൂബിലി കോട്ടയം - കുഴിമറ്റം ബഥനി ആശ്രമത്തിൽ ഒക്ടോബർ 11-ാം തീയതി കൊണ്ടാടി. അന്നേദിവസം രാവിലെ മാവേലിക്കര ഭദ്രാസനാധിപൻ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു. നിയുക്ത കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന അനുസ്മരണ സമ്മേളനം ഗ്രാമവികസനവകുപ്പു മന്ത്രി സി. എഫ്. തോമസ് ഉദ്ഘാടനം ചെയ്തു. സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. കെ. എം. ജോർജ് മുഖ്യ പ്രഭാഷണം നടത്തി. അഭി. സ്തേഫാനോസ് മാർ തേവോദോസിയോസ്, അഭി. ഗീവറുഗീസ് മാർ ഈവാനിയോസ്, അഭി. പൗലോസ് മാർ പക്കോമിയോസ്, വെരി. റവ. പി. സി. യോഹന്നാൻ റമ്പാൻ, ഫാ. സഖറിയാ പെരിയോർമറ്റം, ഫാ. തോമസ് വർഗീസ് പങ്ങട, ഫാ. സ്റ്റീഫൻ, ഫാ. ജോസഫ്, ഫാ. ജയ് സഖറിയ, ബാബു കുട്ടി ഈപ്പൻ, ജെസിമോൾ മനോജ്, അഡ്വ. ഐക് മാണി, അഡ്വ. ജോണി ജോസഫ്, എബിസൺ കെ. ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

അഭി. യൂഹാനോൻ മാർ അത്താനാസിയോസ് അനുസ്മരണ സമ്മേളനം ഗ്രാമവികസന വകുപ്പ് മന്ത്രി സി. എഫ്. തോമസ് ഉദ്ഘാടനം ചെയ്യുന്നു. സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ, ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, നിയുക്ത കാതോലിക്കാ ബാവാ, ഫാ. കെ. എം. ജോർജ്, ഫാ. സ്റ്റീഫൻ ഒ.ഐ.സി. എന്നിവർ സമീപം.

പള്ളം ഡിസ്ട്രിക്റ്റ് കലാമത്സര വിജയികൾ

പാത്താമുട്ടം: പള്ളം ഡിസ്ട്രിക്റ്റ് കലാമത്സരം നവംബർ 6 -ന് പാത്താമുട്ടം സ്ലീബാ പള്ളിയിൽ നടന്നു. സെന്റ് ജോർജ് യുവജനപ്രസ്ഥാനാംഗങ്ങളായ ജോൺസൺ പി. ഏബ്രഹാം (സിംഗിൾ സോംഗ് ഒന്നാം സ്ഥാനം), സാജൻ വർഗീസ് (സിംഗിൾ സോംഗ് മൂന്നാം സ്ഥാനം), ജോൺസൺ പി. ഏബ്രഹാം, ഗീവർഗീസ് സി. ആർ., സാജൻ വർഗീസ് (ഗ്രൂപ്പ് സോംഗ് ഒന്നാം സ്ഥാനം), ബിബിൻ ജോയി, റിറ്റു ഫീലിപ്പോസ്, ടിന്റു തോമസ് (ഗ്രൂപ്പ് സോംഗ് മൂന്നാം സ്ഥാനം), ഗീവർഗീസ് സി. ആർ (പ്രസംഗം ഒന്നാം സ്ഥാനം) എന്നിവർ സമ്മാനാർഹരായി. എഴുത്ത് മത്സരങ്ങളുടെ ഫലം അറിവായിട്ടില്ല.

ഫാ. വി. എം. കുര്യാക്കോസ് അനുസ്മരണവും 68 - ാമത് യൂണിറ്റ് വാർഷികവും

കുഴിമറ്റം: വാഴച്ചിറ ഫാ. വി. എം. കുര്യാക്കോസിന്റെ 25-ാം ചരമ വാർഷിക ത്തോടനുബന്ധിച്ച് നടന്ന അനുസ്മരണ സമ്മേളനവും യൂണിറ്റ് വാർഷികവും യുവ ജനപ്രസ്ഥാനം മുൻ ഭദ്രാസന സെക്രട്ടറി ഡോ. മാത്യു കുര്യൻ ഉദ്ഘാടനം ചെയ്തു. ഫാ. ജയ് സഖറിയയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡോ. മാത്യു കുര്യൻ അനുസ്മരണ പ്രഭാഷണം നടത്തി. പി. ജെ. കുര്യൻ, സി. ആർ. ഗീവർഗീസ് എന്നിവർ പ്രസംഗിച്ചു.

17 സ്കൂൾ കുട്ടികൾക്ക് കുട വിതരണം ചെയ്തു

കുഴിമറ്റം: യുവജന പ്രസ്ഥാനം വിദ്യാഭ്യാസ സഹായ പദ്ധതിയുടെ ഭാഗമായി സെന്റ് ജോർജ് എൽ. പി. സ്കൂളിലെ 17 വിദ്യാർത്ഥികൾക്ക് കുട വിതരണം ചെയ്തു. ഫാ. ജയ് സഖറിയ, രഞ്ജിത്ത് മാത്യു, ജോൺസൺ പി. ചെറിയാൻ എന്നിവർ നേതൃത്വം നൽകി.

ജോസഫ് അച്ചന്റെ 70-ാം ജന്മവാർഷികം

കുഴിമറ്റം: ബഥനി ആശ്രമത്തിലെ ജോസഫ് അച്ചന്റെ 70-ാം ജന്മ വാർഷികം യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സമുചിതമായി ആചരിച്ചു. പി. ജെ. കുര്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രൊഫ. മേരി ജോർജ്, ഡോ. വി. മാത്യു കുര്യൻ, റ്റി. വി. കുര്യൻ, രഞ്ജു കെ. മാത്യു, രാജ് ഫിലിപ്പ്, രഞ്ജിത്ത് മാത്യു എന്നിവർ പ്രസംഗിച്ചു.

യുവജന പ്രസ്ഥാനത്തിന്റെ ഉപഹാരം രഞ്ജു കെ മാത്യു അച്ചന് സമർപ്പിച്ചു.

സെന്റ് തോമസ് അനുസ്മരണം

കുഴിമറ്റം: സെന്റ് ജോർജ് യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സെന്റ് തോമസ് അനുസ്മരണം നടത്തി. ബ്രദർ ബൻജി ബാബു മുഖ്യപ്രഭാഷണം നടത്തി. ഫാ. ജയ് സഖറിയ, രാജ് ഫിലിപ്പ്, രഞ്ജു കെ മാത്യു, റ്റി. വി. കുര്യൻ, പി. ജെ. കുര്യൻ എന്നിവർ പ്രസംഗിച്ചു.

എസ്. എസ്. എൽ. സി. +2 അവാർഡ്

കുഴിമറ്റം: എസ്. എസ്. എൽ. സി. +2, ഡിഗ്രി പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ പ്രസ്ഥാനാംഗങ്ങളായ ടിന്റു തോമസ്, ഋഷി അലക്സ്, രഞ്ജിത്ത് മാത്യു എന്നിവരെ പ്രസ്ഥാനം യോഗം അഭിനന്ദിച്ചു. യുവജന പ്രസ്ഥാനം വിദ്യാഭാസ പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി ഏർപ്പെടുത്തിയ അവാർഡ് പ്രൊഫ. എം. സി. ജോസഫ് വിതരണം ചെയ്തു.

അനുശോചനം

കുഴിമറ്റം: യുവജന പ്രസ്ഥാനം മുൻ ജോ. സെക്രട്ടറിയും സജീവ പ്രവർത്തകനുമായ എരുമത്താനത്ത് മാടപ്പാട്ട് അരുൺ മർക്കോസിന്റെ മാതാവിന്റെ ദേഹവിയോഗത്തിൽ യുവജനപ്രസ്ഥാനം യോഗം അനുശോചിച്ചു.

സ്വാതന്ത്ര്യദിനാഘോഷം

കുഴിമറ്റം: സ്വാതന്ത്ര്യദിനത്തിൽ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പള്ളിമുറ്റത്ത് ദേശീയ പതാക ഉയർത്തി. ഫാ. ജയ് സഖറിയ, രഞ്ജു. കെ. മാത്യു, ജോൺസൺ പി. ചെറിയാൻ, രഞ്ജിത്ത് മാത്യു, പി. ജെ. കുര്യൻ എന്നിവർ നേതൃത്വം നൽകി.

നിറക്കൂട്ട് 2005

കുഴിമറ്റം: സെന്റ് ജോർജ് യുവജന പ്രസ്ഥാനം കലാ സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ കോട്ടയം ജില്ലയിലെ സ്കൂൾ / +2 വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൊണ്ട് നിറക്കൂട്ട് 2005 ചിത്രരചനാമത്സരം നടത്തി. കുട്ടികളെ അഞ്ച് ഗ്രൂപ്പായി തിരിച്ച് നടത്തിയ മത്സരത്തിൽ 302 കുട്ടികൾ പങ്കെടുത്തു. ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സ്കൂളിനുള്ള ട്രോഫി മണിപ്പുഴ ബെൽമൗണ്ട് സ്കൂൾ കരസ്ഥമാക്കി. ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ചതിനുള്ള ട്രോഫി ചാന്നാനിക്കാട് ശ്രീനാരായണ പബ്ലിക് സ്കൂളും നേടി. വിജയികൾക്കുള്ള സമ്മാനങ്ങൾ പ്രൊഫ. എം. സി. ജോസഫ് വിതരണം ചെയ്തു. ഗീവർഗീസ് സി. ആർ. കൺവീനറായി പ്രവർത്തിച്ചു.

യുവജന വാരാഘോഷത്തിന് അനുഗ്രഹീത സമാപനം

കുഴിമറ്റം: സെന്റ് ജോർജ് യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ യുവജന വാരാഘോഷത്തിന് അനുഗ്രഹീത പരിസമാപനം. 2005 സെപ്റ്റംബർ 10 മുതൽ 18 വരെയാണ് വിവിധ പരിപാടികളോടെ ഇടവകയിൽ യുവജനവാരം ആഘോഷിച്ചത്.

യൂണിറ്റ് വൈസ് പ്രസിഡന്റ് പി. ജെ. കുര്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഫാ. ജയ് സഖറിയ വാരാഘോഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. സെന്റ് ജോർജ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ റ്റി. വി. കുര്യൻ, ബ്രദർ ബൻജി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ജോൺസൺ പി. ചെറിയാൻ സ്വാഗതവും സി. ആർ. ഗീവർഗീസ് നന്ദിയും പറഞ്ഞു.

11-ാം തീയതി ഞായറാഴ്ച പള്ളിമുറ്റത്ത് ഓണത്തിന്റെ വരവ് അറിയിച്ച് കൊണ്ട് യുവജന പ്രസ്ഥാനം പൂക്കളമൊരുക്കി. പൂക്കളം ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. ഭവനസന്ദർശനം ബഥനി സന്ദർശനം, കലാകായികമത്സരം, കുടുംബാരാധന യോഗം പള്ളി ശുചീകരണം തുടങ്ങിയ പരിപാടികൾ തുടർന്നുള്ള ദിവസങ്ങളിൽ നടത്തപ്പെട്ടു.

നമ്മുടെ പള്ളി സ്ഥാപിതമായതിനു ശേഷം ആദ്യമായി വി.കുർബാന അർപ്പിച്ചത് 1901 സെപ്റ്റംബർ 14-ാം തീയതി സ്ലീബാ പെരുന്നാൾ ദിനമാണ്.ഈ സ്മരണ പുതുക്കുവാനും നമ്മളിൽ നിന്ന് വാങ്ങിയപ്പോരെ ഓർമ്മിക്കുവാനും പ്രാർത്ഥിക്കുവാനും യുവജനപ്രസ്ഥാനം 17 ശനിയാഴ്ച പിതൃപ്രണാമനിശ ആചരിച്ചു. പള്ളിമുറ്റം ദീപങ്ങൾ കൊണ്ട് അലങ്കരിച്ചത് ഏവരെയും ആകർഷിച്ചു. ധ്യാനപ്രസംഗത്തിനും കബറിങ്കലെ ധൂപപ്രാർത്ഥനയ്ക്കും പുതുപ്പള്ളി പള്ളി സഹവികാരി ഫാ. എ. വി. വർഗീസ് ആറ്റുപുറം നേതൃത്വം നൽകി.

18 ഞായർ യുവജനദിനമായി ആചരിക്കുകയും പ്രസ്ഥാനം പ്രവർത്തകർ വി. കുർബാന അനുഭവിക്കുകയും ചെയ്തു. ഉച്ചയ്ക്ക് ശേഷം നടന്ന പള്ളം ഡിസ്ട്രിക്റ്റ് വിദ്യാർത്ഥി യുവജനസംഗമവും യുവജന വാരാഘോഷ സമാപന സമ്മേളനവും യുവജന പ്രസ്ഥാനം കേന്ദ്ര സെക്രട്ടറി എ. കെ. ജോസഫ് ഉദ്ഘാടനം ചെയ്തു.

യുവജനവാരാഘോഷ സമാപനം യുവജനപ്രസ്ഥാനം കേന്ദ്രസെക്രട്ടറി എ. കെ. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. രഞ്ജു കെ. മാത്യു, ജോൺസൺ പി. ചെറിയാൻ, ഫാ. ജയ്സഖറിയ, ഫാ. തോമസ്, പി. സഖറിയാ, ജിബു ബാബു, ആൻസൺ കുര്യൻ, സി. ആർ. ഗീവർഗീസ് എന്നിവർ സമീപം

ഡിസ്ട്രിക്റ്റ് പ്രസിഡന്റ് ഫാ. തോമസ് പി. സഖറിയ അധ്യക്ഷനായിരുന്നു. ഫാ. ജയ് സഖറിയ, രഞ്ജു കെ. മാത്യു, ആൻസൺ കുര്യൻ, ഹാൻസ് ബാബു, ജിബു ബാബു എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന ക്വിസ് മത്സരത്തിന് രാജ് ഫിലിപ്പ് നേതൃത്വം നൽകി. നമ്മുടെ യൂണിറ്റ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. പ്രാർത്ഥനയ്ക്കു ശേഷം നടന്ന സ്നേഹവിരുന്നോടെ ഈ വർഷത്തെ യുവജന വാരാഘോഷത്തിന് പരിസമാപനമായി.

ജോർജിയൻ ടീം

കുഴിമറ്റം വൈ. എം. സി. എ. യ്ക്കിത് വജ്രജൂബിലി വർഷം

എബിസൺ കെ. ഏബ്രഹാം, കാഞ്ഞിരത്തുംമൂട്ടിൽ

കുഴിമറ്റത്തെ യുവജനങ്ങളുടെ ആത്മീയവും മാനസികവും കായികവും സാംസ്കാരികവുമായ ഉന്നമനം ലക്ഷ്യമാക്കി പട്ടശ്ശേരിൽ ദിവ്യശ്രീ അലക്സന്ത്രയോസ് കോറെപ്പിസ്കോപ്പായുടെ ആശിസ്സുകളോടെ പള്ളി പാഴ്സനേജിൽ ഇടവകയിലെ എട്ടു യുവാക്കളായ സി. ജെ. ജോസഫ് ചിറപ്പുറം, പി. എ. ഏബ്രഹാം പട്ടശ്ശേരിൽ, കെ. കെ. ഏബ്രഹാം കാഞ്ഞിരത്തുംമൂട്ടിൽ, എം. വി. ഏബ്രഹാം മാമ്മൂട്ടിൽ, പി. കെ. വർഗ്ഗീസ് പാലമൂട്ടിൽ, വി. കെ. ആൻഡ്രൂസ് വാഴച്ചിറ, മാത്യു ചെറിയാൻ എരുമത്താനം, എം. വി. ഈപ്പൻ മാമ്മൂട്ടിൽ എന്നിവർ ചേർന്ന് 1945 -ൽ രൂപം നൽകിയ വൈ. എം. സി. എയുടെ വജ്ര ജൂബിലിയാഘോഷങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിച്ചു. വൈ. എം. സി. എ പ്രസിഡന്റ് അഡ്വ. ജോണി ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ജൂബിലിആഘോഷങ്ങളുടെ ഭാഗമായി വിവിധ പരിപാടികൾ വൈ. എം. സി. എയിൽ നടന്നു വരുന്നു. ലൈബ്രറി, ഹെൽത്ത് ക്ലബ് എന്നിവയുടെ വിപുലീകരണം, കമ്പ്യൂട്ടർ പഠന കേന്ദ്രം, വിദ്യാഭ്യാസ സഹായ പദ്ധതിയും മെഡിക്കൽ ക്യാമ്പ്, പ്രാർത്ഥനാ സംഗമം എന്നിവ അവയിൽ ചിലത് മാത്രമാണ്.

ഈ പ്രസ്ഥാനത്തിന്റെ പ്രഥമ പ്രസിഡന്റ് ജോൺ കുര്യനും സെക്രട്ടറി പാലമൂട്ടിൽ പി. കെ. വർഗ്ഗീസും ആയിരുന്നു. 1946 -ൽ വൈ. എം. സി. എ. ലൈബ്രറി ആരംഭിച്ചു. 1949 -ൽ ഇടവക ദാനമായി നൽകിയ സ്ഥലത്ത് ചിറപ്പുറത്ത് സി. ജെ. ജോസഫിന്റെ നേതൃത്വത്തിൽ വൈ. എം. സി. എ. യ്ക്ക് സ്വന്തമായി ഒരു കെട്ടിടം നിർമ്മിച്ചു. 1952 ഡിസംബർ 21 -ാം തീയതി ലോക വൈ. എം. സി. എ. സെക്രട്ടറിയായിരുന്ന പോൾ എം. ലിബേർട്ട് കെട്ടിടം ഉദ്ഘാടനം ചെയ്തു. 1952 -ൽ വല്യത്തിൽ സി. പി. ജോർജിന്റെ ശ്രമഫലമായി കെ. സി. മാമ്മൻമാപ്പിള മനോരമ ദിനപ്പത്രത്തിന്റെ ഒരു ഏജൻസി വൈ. എം. സി. എ. യ്ക്ക് നൽകി. 1957 -ൽ കെട്ടിടത്തിന്റെ പടിഞ്ഞാറു വശത്ത് ഓഫീസ് മുറിയും കിഴക്ക് വശത്ത് വരാന്തയും പണി തിർത്തതോടൊപ്പം, സ്പോർട്സ് ക്ലബ് രൂപീകരിക്കുകയും ടേബിൾ ടെന്നീസ് കളിക്കാനുള്ള സൗകര്യം ഒരുക്കുകയും ചെയ്തു. 1970 -ൽ വൈ. എം. സി. എ. അതിന്റെ രജതജൂബിലി ആഘോഷിച്ചു. അതിനോടനുബന്ധിച്ച് പണിതീർത്ത ജൂബിലി സ്മാരക ഹാളിന്റെ ശിലാസ്ഥാപനം 1970 മെയ് 24 -ന് നാഷണൽ വൈ. എം. സി. എ. പ്രസിഡന്റ് കെ. എം. ഫിലിപ്പ് നിർവ്വഹിച്ചു. 1973 ഫെബ്രുവരി 17 ന് നാഷണൽ വൈ. എം. സി. എ. യുടെ അംഗത്വം ലഭിച്ചു. 1973 ഏപ്രിൽ 26 ന് വൈ. എം. സി. എ. സൊസൈറ്റീസ് അക്ട് പ്രകാരം രജിസ്റ്റർ ചെയ്തു. 1976 മെയ് 24 ന് നാഷണൽ വൈ. എം. സി. എ. സെക്രട്ടറി ആർ. ജെ. സോളമൻ സിൽവർ ജൂബിലി മെമ്മോറിയൽ ഹാൾ ഉദ്ഘാടനം ചെയ്തു. 1977 ജനുവരി 26 ന് വോളിബോൾ കോർട്ട് നിർമ്മിച്ചു. 1978 ജൂൺ 11 ന് നേഴ്സറി സ്കൂൾ ആരംഭിച്ചു. 1981 ൽ ഏറ്റവും നല്ല ഗ്രാമീണ വൈ. എം. സി. എ. ആയി കുഴിമറ്റം വൈ. എം. സി. എ. തെരഞ്ഞെടുക്കപ്പെട്ടു. 1996 ജനുവരി മുതൽ ഒരു വർഷക്കാലം വൈ. എം. സി. എ. യുടെ ഗോൾഡൻ ജൂബിലി വിവിധ പരിപാടികളോടു കൂടി ആഘോഷിക്കുകയുണ്ടായി. ഇതിന്റെ ഉദ്ഘാടനം കേരളാ റവന്യൂ വകുപ്പ് മന്ത്രി കെ. എം. മാണി നിർവ്വഹിച്ചു. 1997 ഏപ്രിൽ 21 ന് ജൂബിലി സമാപന സമ്മേളനം നിയമസഭാ ഡപ്യൂട്ടി സ്പീക്കർ സി. എ. കുര്യൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് തകഴി ശിവശങ്കരപിള്ള, പൊൻകുന്നം വർക്കി, കെ. എം. തരകൻ, ബാബു കുഴിമറ്റം തുടങ്ങിയ കേരളത്തിലെ പ്രമുഖ സാഹിത്യകാരന്മാർ പങ്കെടുത്ത സാഹിത്യ സംഗമം നടത്തി.

ഇപ്പോൾ വൈ. എം. സി. എ. യുടെ നേതൃത്വത്തിൽ 75 കുട്ടികൾ അംഗങ്ങളായുള്ള ബാലജനസംഖ്യം പ്രവർത്തിക്കുന്നുണ്ട്. എല്ലാ ശനിയാഴ്ചയും വൈകുന്നേരം 4 മണി മുതൽ വൈ. എം. സി. എ. ഹാളിൽ ഇതിന്റെ യോഗം ചേരുന്നുണ്ട്.

ഇപ്പോൾ എബിസൺ കെ. എബ്രഹാം പ്രസിഡന്റായും, ബിജി പി. ഏബ്രഹാം വൈസ് പ്രസിഡന്റായും, രഞ്ജു കെ. മാത്യു സെക്രട്ടറിയായും ജോൺസൺ പി. ചെറിയാൻ ജോയിന്റ് സെക്രട്ടറിയായും, ജേക്കബ് സി. കുറിയാക്കോസ് ട്രഷററായും, പ്രദീപ് പി. ഏലിയാസ് പത്ര ഏജൻസി സെക്രട്ടറിയായും, അനീഷ് കെ. ജേക്കബ് ഹെൽത്ത് ക്ലബ് സെക്രട്ടറിയായും, അഡ്വ. ജോണി ജോസഫ്, മാത്യു വർഗീസ്, എബി ജോസഫ്, ഗീവർഗീസ് സി. ആർ എന്നിവർ കമ്മറ്റിയംഗങ്ങളായും പ്രവർത്തിച്ചു വരുന്നു.

തിരുപ്പിറവിയുടെ നാട്ടിൽ...

(ഒന്നാം പേജിൽ നിന്നും തുടർച്ച)

അവരവരുടെ സീറ്റിൽ ഇരിപ്പുറപ്പിച്ചു. സിസ്റ്റേഴ്സ് രണ്ട് പേരും രണ്ടു സ്ഥലങ്ങളിലായിരിക്കേണ്ടി വന്നത് യാത്രയിലെ രസം കെടുത്തി. ദമ്പതിമാർ ചിലർക്കും ഒന്നിച്ചിരിക്കുവാൻ സാധിക്കാതെ പോയി. ആദ്യമായി വിമാനയാത്രയിലായ ഒരു സ്ത്രീക്ക് വിമാനം പൊങ്ങാൻ തുടങ്ങിയപ്പോൾ ഉണ്ടായ ഭീതി കണ്ട് എന്റെ ജനൽസീറ്റ് ഞാൻ മാറിക്കൊടുത്തു. ഭർത്താവിന്റെ സാമീപ്യവും പുറം കാഴ്ച കാണാനുള്ള സൗകര്യവും ഒത്തുകിട്ടിയതിന്റെ സന്തോഷവും ആശ്വാസവും നന്ദിവാക്കുകളാൽ അവർ പ്രകടിപ്പിച്ചു. തക്കസമയത്തു ചെയ്യുന്ന ഒരു നിസ്സാര ത്യാഗത്തിനുപോലും എന്തു വിലയുണ്ട് എന്നു ഞാൻ മനസ്സിലാക്കി. വിമാനം ഉയരത്തിലേക്കു പോകുന്തോറും കരയും കടലും കാണാതായി, മേഘങ്ങളുടെ മുകളിലൂടെ നാലര മണിക്കൂർ നീണ്ട യാത്രയുടെ വിരസത നീക്കാൻ ഓരോരുത്തർ ക്കും പ്രത്യേകമായി ഉപയോഗിക്കുവാൻ ഒരു ചെറിയ ടി. വി. സീറ്റിനു മുമ്പിലായി ഘടിപ്പിച്ചിട്ടുണ്ട്. മാനസികോല്ലാസത്തിന് ഉതകുന്ന ചാനലുകൾ കൂടാതെ കുവൈറ്റ് വരെയുള്ള യാത്രയുടെ വിശദവിവരങ്ങൾ അടങ്ങുന്ന ചാനലും! ഒരു മണിക്കൂർ കഴിഞ്ഞപ്പോഴേ പ്രഭാത ഭക്ഷണം റെഡി! വായിക്കുവാൻ പലതരം മാഗസിൻസ്! കുടിക്കുവാൻ ഇഷ്ടമുള്ള പാനീയം! എല്ലാം സുഖയാത്ര എന്നു സമാധാനപ്പെട്ടപ്പോൾ പെട്ടെന്നൊരു അനൗൺസ്മെന്റ്. സീറ്റ് ബെൽറ്റ് ഇടുവാൻ. വിമാനത്തിലെ ഉദ്യോഗസ്ഥർ സ്പീഡിൽ ഓരോരുത്തരുടേയും അടുത്തുവന്ന് സീറ്റ് ബെൽറ്റ് ഇട്ടോ എന്ന് ആരായുന്നതു കണ്ടപ്പോൾ ഉള്ളിൽ ഒരു ഭയം? കാര്യമായ അപകടത്തിന്റെ മുന്നറിയിപ്പാണോ? അടുത്തിരിക്കുന്ന അപരിചിതരോട് ഈ വിഷമം ഷെയർ ചെയ്യുവാൻ ഒരു മടി. അറിയാവുന്ന പ്രാർത്ഥനയെല്ലാം 'ഹൃദയംഗമായി' ചൊല്ലിത്തുടങ്ങി. അവസാനം മനസ്സും ധൈര്യപ്പെട്ടു. "Let Thy will be done" എല്ലാം കഴിഞ്ഞ അവസരത്തിൽ എയർ ഹോസ്റ്റസിനോടു കാര്യം തിരക്കി. "മേഘങ്ങൾ ഒഴിവാക്കി മുമ്പോട്ടു പോകുവാൻ ചിലപ്പോൾ താഴ്ന്നും ചിലപ്പോൾ പൊങ്ങിയും സഞ്ചരിക്കേണ്ടി വരും. സീറ്റ് ബെൽറ്റ് ഇട്ടില്ല എങ്കിൽ പ്രശ്നമാകും അത്രയേയുള്ളൂ." ഒരു കാര്യം കൂടി വ്യക്തമായി. ഏതു പ്രതിസന്ധിയിലും ആപത്തു ഘട്ടത്തിലും മനസ്സമാധാനവും ധൈര്യവും നിലനിർത്തുവാൻ അടിയുറച്ച ദൈവാശ്രയം വേണം. ഇല്ലായെങ്കിൽ ജീവിതം എപ്പോഴും നരകതുല്യം. ശരിയല്ലേ? നാലര മണിക്കൂർ കഴിഞ്ഞു. അറേബ്യൻ കടലും അറേബ്യൻ മരുഭൂമിയും താണ്ടി വിമാനം കുവൈറ്റിൽ ഇറങ്ങി. അടുത്ത യാത്രയ്ക്ക് മൂന്ന് മണിക്കൂറോളം താമസമുള്ളതിനാൽ വിശ്രമിക്കുവാനോ ഷോപ്പിംഗിനോ സമയവും സൗകര്യങ്ങളും ഏറെ! എയറോഡ്രോം തന്നെ ഒരു കൊച്ചി സിറ്റി. 44 പേരും ഒരു ചെറിയ കൂട്ടമായി പലയിടത്തായി ചിതറി. അറബികളുടെ സ്മാർട്ട്നസ്സ് കൊള്ളാം. നല്ല ആരോഗ്യവും സൗന്ദര്യവും ചുറുചുറുക്കും ഉള്ളവർ! ചില അറബി സ്ത്രീകൾ 'ഫുൾകവറിംഗി'ലാണ്. കണ്ണിന്റെ സ്ഥാനം ഒഴികെ. സമയം പോകുന്നില്ലല്ലോ. ഒരു കഫേയിൽ കയറി. 2 കപ്പ് കാപ്പിക്ക് 5 ഡോളർ! ഇന്ത്യയിൽ 210 രൂപ! അതോടെ സുല്ലിട്ടു. മേലാൽ എക്സ്ട്രാ ഭക്ഷണമോ കുടിയോ വേണ്ട! അടുത്ത പറക്കലിനു സമയമായി എന്ന അറിയിപ്പു വന്നു. പരിശോധനകൾക്കു ശേഷം വിമാനത്തിൽ. കുവൈറ്റിൽ നിന്നും ഈജിപ്റ്റിന്റെ തലസ്ഥാനമായ കെയ്റോയിൽ ഇറങ്ങാൻ രണ്ടര മണിക്കൂർ. വിമാനം താണു പറക്കുമ്പോൾ കാണാവുന്ന കാഴ്ച, വിസ്തൃതമായ മണലാരണ്യങ്ങൾ മാത്രം. കൃത്യസമയത്തു തന്നെ വിമാനം താണിറങ്ങി. പതിവ് പരിശോധനകൾക്കു ശേഷം ഞങ്ങൾ പുറത്തുവന്നു. തീർത്ഥയാത്രയുടെ നേതൃത്വം വഹിക്കുന്ന ബഹുമാനപ്പെട്ട അച്ചൻ ഞങ്ങളെ സ്വീകരിക്കുവാൻ അവിടെ നില്പുണ്ടായിരുന്നു. ഇന്ത്യൻ സമയത്തേക്കാൾ രണ്ടര മണിക്കൂർ പുറകിലാണ് ഇവിടുത്തെ സമയം. അതനുസ്സരിച്ച് വാച്ചിൽ സമയം മാറ്റി. യാത്രയ്ക്ക് വീണ്ടും ഒരുങ്ങി. ഇന്നത്തെ ഈജിപ്റ്റ് പുരാതന മിസ്രയിം ആണ്. വളരെ പുരാതന സംസ്കാരത്തിന്റെ ഉടമ! (ബി. സി. 5000). ബി. സി. 2900 ൽ ഈജിപ്റ്റിലെ ആദ്യ പിരിമിഡ് ഉണ്ടായി. കടലാസിന്റെ ആദ്യരൂപമായ പാപ്പിറസ് ഉപയോഗിക്കാൻ തുടങ്ങിയതും 365 ദിന കലണ്ടർ ഉപയോഗത്തിൽ വന്നതും ബി. സി. 2500 ലാണ്. കൂടാതെ യിസ്രായേല്യരുടെ 420 വർഷത്തെ അടിമത്വം, ശിശുവായ യേശുവിന് അഭയം കൊടുത്ത നാട് - ഇങ്ങനെ വളരെയേറെ പ്രാധാന്യം ഉള്ളപ്പോൾ ഈജിപ്റ്റ്, സന്ദർശിക്കുവാൻ യാത്രയുടെ അവസാനദിവസം ഞങ്ങൾ മാറ്റിവച്ചു.

പ്രാർത്ഥനയോടെ മാത്രമേ ഞങ്ങളുടെ എല്ലാ യാത്രകളും ആരംഭിച്ചിരുന്നുള്ളു. കെയ്റോ സിറ്റിയിൽനിന്നും ഒരു അറബി ടൂറിസ്റ്റ് ബസ്സിൽ ചെങ്കടൽ തീരത്തെ ഒരു ഹോട്ടലിൽ രാപ്പാർക്കാൻ ഞങ്ങൾ യാത്ര ആരംഭിച്ചു. അറബി രാജ്യങ്ങളിൽ ഒരു അറബി ഗൈഡും യിസ്രായേലിൽ വരുമ്പോൾ ഒരു യഹൂദ ക്രിസ്ത്യാനിയും ഗൈഡ് ആയി ഞങ്ങൾക്ക് കൂടുണ്ടായിരുന്നു. കെയ്റോയും ഇസ്രായേലും വളരെ അടുത്ത പ്രദേശങ്ങൾ എങ്കിലും ഒന്ന് അറബിരാജ്യവും മറ്റേത് യഹൂദന്മാരുടെ രാജ്യവും ആണ്. ഇവർ വളരെ ശത്രുതയിലായതിനാൽ വളരെ കർശനമായ പരിശോധനകൾക്കു ശേഷമേ അവരവരുടെ രാജ്യത്തിലേക്കു കടക്കുവാൻ സാധിക്കൂ. അതുകൊണ്ട് യിസ്രായേലിനോടു തൊട്ടടുത്ത ചെങ്കടൽ തീരത്ത് ആദ്യദിവസം തങ്ങേണ്ടിവന്നു. ഭൂപടത്തിൽ യിസ്രായേലിന്റെ സ്ഥാനം മനസ്സിലാക്കാം.

കെയ്റോയിൽ നിന്നും സൂയസ് കനാൽ കടന്ന് സീനായ് മരുഭൂമിയിൽ കൂടി ഏകദേശം രണ്ടര മണിക്കൂർ ബസിൽ യാത്ര ചെയ്താലേ ചെങ്കടൽ തീരത്ത് എത്താനാവൂ. ഒരു പച്ചപ്പും ജലവുമില്ലാത്ത നീണ്ടു നിവർന്നു കിടക്കുന്ന സീനായ് മരുഭൂമി ഒട്ടേറെ ചരിത്രപ്രാധാന്യമുള്ള ഭൂപ്രദേശമാണ് (വിശുദ്ധ വേദപുസ്തകത്തിൽ പുറപ്പാട് 19-ാം അദ്ധ്യായം). 430 വർഷത്തെ അടിമത്വത്തിൽ നിന്നും യഹോവ യിസ്രായേല്യരെ വിടുവിച്ച് ഈ മരുഭൂമിയിലൂടെ 40 വർഷത്തോളം നടത്തിയാണ് അവർ വാഗ്ദത്ത നാട്ടിൽ പ്രവേശിച്ചത്. പാറയെ പിളർന്ന് വെള്ളം നൽകുന്നതും മന്നായും കാടപക്ഷിയും ആഹാരത്തിനായ് നൽകുന്നതും ദൈവത്തിൽനിന്ന് തെറ്റിപ്പോയ ജനത്തെ പിച്ചള സർപ്പത്തെ ഉയർത്തി - രക്ഷിക്കുന്നതും പകൽ മേഘസ്തംഭത്താലും രാത്രി അഗ്നിസ്തംഭത്താലും യാത്രയിൽ അവരെ നയിക്കുന്നതും സീനായ് മലയിൽ വച്ച് മോശയ്ക്ക് പത്തു കല്പനകൾ നൽകുന്നതും ദൈവത്തിന്റെ രക്ഷണ്യ പ്രവർത്തനങ്ങളെല്ലാം ഒന്നിനുപിറകെ ഒന്നായി ഞങ്ങളുടെ



എല്ലാവരുടേയും മനസ്സുകളിൽ ഓടി എത്തി (പുറപ്പാടു പുസ്തകത്തിൽ വിശദമായി എഴുതപ്പെട്ടിട്ടുണ്ട്). ദൈവത്തിന്റെ വഴികൾ എത്ര അത്ഭുതാവഹം! യുക്തിക്കും ബുദ്ധിക്കും അതീതമായവ!

നമ്മുടെ ഈ ലോകയാത്രയും ഒരു വിധത്തിൽ പറഞ്ഞാൽ മോക്ഷം തേടിയുള്ള ഒരു പ്രയാണമല്ലേ? തെറ്റു കാണുമ്പോൾ ശിക്ഷിക്കുവാനും പ്രതിസന്ധിയിൽ തളരാതെ മുമ്പോട്ടു നടത്തുവാനും ഈശ്വര സാന്നിദ്ധ്യം ഉണ്ട് എന്നുള്ള പ്രത്യാശയും ധൈര്യവുമാണ് ഓരോ ദിവസവും നമുക്കും പ്രചോദനം ആവേണ്ടത്. ചെങ്കടൽ ഒരു കടലായി കാണേണ്ടതില്ല. വടക്കുകിഴക്കൻ ആഫ്രിക്കയുടേയും സൗദി അറേബ്യയുടേയും ഇടയ്ക്കുള്ള ചെങ്കടൽ പിളർന്നാണ് ഫറവോന്റെ അടിമത്വത്തിൽ നിന്നും മോശ ജനങ്ങളെ ഇസ്രായേലിൽ എത്തിച്ചത്.

ദീർഘമായ ഞങ്ങളുടെ 'മരുഭൂപ്രയാണ'ത്തിന്റെ വിരസത ഒഴിവാക്കാൻ ബഹു. അച്ചൻ ഓരോരുത്തരേയും ഓരോ പരിപാടികൾ അവതരിപ്പിക്കാൻ നിർബന്ധിച്ചിരുന്നു. പാട്ടും, ക്വിസ്സും, നർമ്മരസ പ്രദാനങ്ങളായ നുറുങ്ങുകഥകളും കൊണ്ട് ക്ഷീണവും ഉറക്കവും കളഞ്ഞു സജീവരാക്കി. ഏകദേശം രാത്രി 8 മണിയോടെ ഞങ്ങൾ ചെങ്കടൽ തീരത്തുള്ള നല്ല ഒരു ഹോട്ടലിൽ ചെന്നു രാപാർത്തു.

(തുടരും)

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് പുതിയ നേതൃത്വം

(ഒന്നാം പേജിൽ നിന്നും തുടർച്ച)

മോസ് പ്രഥമൻ' എന്ന താപസശ്രേഷ്ഠനെ ആയിരിക്കും. പ്രാർത്ഥന തന്റെ ശീലവും ശക്തിയുമാണ് എന്ന് ആവർത്തിച്ചു പറയുന്ന ഈ ഉത്തമ ഇടയന്റെ ആകർഷണീയത ലളിതജീവിതവും ആത്മവിശുദ്ധിയും പ്രതിസന്ധികളിൽ ചോരാത്ത ആത്മധൈര്യവുമാണ്. വാക്കുകൾക്ക് ചെവിയോർക്കുമ്പോൾ, പരിശുദ്ധമായ ഈ വ്യക്തിത്വത്തെ അടുത്തറിയുവാൻ ശ്രമിക്കുമ്പോൾ, ഏലിയാപോൽ ഉജ്ജ്വലനെ, യൂഹാനോൻ പോൽ വ്യതപരനേ.... എന്ന വരികൾ ആരുടേയും മനസ്സിലൂടെ കടന്നുപോകും. സഭാ മക്കൾ ഈ പരിശുദ്ധ പിതാവിൽ അർപ്പിച്ചിരിക്കുന്ന പ്രതീക്ഷകളും ഏറെയാണ്. ദൂരയാത്രകൾക്ക് ശേഷം തിരക്കേറിയ ഒരു ദിനത്തിനൊടുവിൽ അൽപസമയം കുഴിമറ്റം സെന്റ് ജോർജ് യുവജന പ്രസ്ഥാനത്തിനായി പരിശുദ്ധ ബാവാ തിരുമേനി മാറ്റിവച്ചു. ചോദ്യങ്ങൾക്കും ഉത്തരങ്ങൾക്കും ഇടയിൽ അകലം ഉണ്ടായിരുന്നില്ല.

1. സ്ഥാനാരോഹണവും പുതിയ ചുമതലകളേയും പറ്റിയും?

മെത്രാന്മാരുടെ മസനപ്സായിൽ എത്ര കുരിശുകൾ ഉണ്ട് എന്ന് നിങ്ങൾക്കറിയാമോ? (മസ്നപ്സായിൽ തൊട്ട് കാണിച്ചു). ഇടത്ത് ആറും വലത്ത് ആറും പിന്നെ നടുക്ക് ഒന്നും അങ്ങനെ പതിമൂന്ന്. ക്രിസ്തു ചുമന്നത് പോലെ ക്രൂശ് ചുമക്കേണ്ടി വരും (ചിരിക്കുന്നു). ഉത്തരവാദിത്വവും വളരെ കൂടി.

2. കാനോൻ പ്രകാരം കാതോലിക്കോസിന്റെ വാഴ്ചയിൽ മുഖ്യകാർമ്മീകൻ അന്തോഖ്യൻ പാത്രിയർക്കീസ് ആയിരിക്കണം എന്നാണ്. തിരുമേനി മനസ്സുകൊണ്ടെങ്കിലും പാത്രിയർക്കീസിന്റെ സാന്നിധ്യം ആഗ്രഹിച്ചുവോ?

ഇല്ല. കാരണം മലങ്കര സഭയുമായി യാതൊരു സഹകരണ മനോഭാവവും ഇല്ലാത്ത ഒരു പാത്രീയർക്കീസിനെ എന്തിന് കാതോലീക്കാ വാഴ്ചയിൽ കാർമ്മീകനാക്കണം.

3. തിരുമേനിയുടെ കാലഘട്ടത്തിൽ പാത്രീയർക്കീസ് ബാവായ്ക്കു മലങ്കര സഭ സ്വീകരണം നൽകുമോ?

വഴക്ക് തീരണം. സമാധാന ശ്രമങ്ങൾ എതിർ വിഭാഗം അട്ടിമറിക്കുന്നിടത്തോളം കാലം ഇത് സാധ്യമല്ല.

4. എന്താണ് സമാധാനത്തിനും യോജിപ്പിനും തടസ്സം നിൽക്കുന്നത്?

എതിർവിഭാഗത്തെ തോമസ് മാർ ദീവന്നാസിയോസിന്റെ അധികാര മോഹം. ഇവിടെ നിയുക്ത കാതോലിക്കായുള്ളപ്പോൾ അദ്ദേഹത്തിന് കാതോലിക്കാ ആകണം. നാം അത് എങ്ങനെ അംഗീകരിക്കും. ഇപ്പോൾ ബദൽ കാതോലിക്കാ ആയി. സമൂഹം ഇപ്പോൾ അദ്ദേഹത്തിന് വേണ്ട അംഗീകാരം നൽകുന്നില്ല.

5. കഴിഞ്ഞ പതിറ്റാണ്ടിൽ ഈ വിഷയത്തിൽ മലങ്കര സഭക്ക് തെറ്റ് പറ്റിയതായി ബാവാ തിരുമേനിക്ക് തോന്നുന്നുണ്ടോ?

ഇല്ല. നമുക്ക് ഒരു തെറ്റും പറ്റിയിട്ടില്ല. നിങ്ങൾക്കറിയാമോ നമ്മുടെ മക്കാറിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ കോട്ടയം വിൻസർ കാസ്റ്റിലിൽ ഏഴു ദിവസത്തെ യോജിപ്പു ചർച്ചകൾ നടത്തി വിജയത്തിൽ വരെ എത്തിയതാണ്. ആറു ദിവസത്തെ ചർച്ചകൾ പൂർണ വിജയം. ഏഴാം ദിവസം അവർ പിന്മാറി. നാം എന്തു ചെയ്യും.

6. അവർ നമ്മുടെ സഹോദരങ്ങൾ അല്ലേ. വിട്ടുവീഴ്ചകൾ ചെയ്ത്, ഈ കേസും വഴക്കും അടുത്ത തലമുറക്ക് കൈമാറ്റം ചെയ്യാതിരുന്നുകൂടെ. വരും തലമുറകളിൽ എങ്കിലും നമ്മൾ ഒന്നിച്ചു നിൽക്കുകയല്ലേ വേണ്ടത്?

എനിക്ക് വയസ്സ് എൺപത്തിയഞ്ചായി. വരും തലമുറകളുടെ കാര്യം എനിക്കറിയില്ല. അന്ന് അവർക്ക് സാധിക്കുമെങ്കിൽ തീർച്ചയായും നല്ല കാര്യമാണ്.

7. മലയാള കരയിൽ ഇന്ന് മൂന്ന് കാതോലിക്കാമാരുണ്ട്. ബാവാ തിരുമേനി എങ്ങനെ പ്രതികരിക്കുന്നു?

അവർ ആരൊക്കെയാണ്....

8. തോമസ് മാർ ദീവന്നാസിയോസ് എന്ന ശ്രേഷ്ഠ കാതോലിക്കാ, സിറിൽ മാർ ബസേലിയോസ്, നമ്മുടെ കാതോലിക്കേറ്റിന്റ പ്രാധാന്യം കുറഞ്ഞതായി തിരുമേനിക്ക് തോന്നുന്നുണ്ടോ?

നിങ്ങൾ പറഞ്ഞതുപോലെ മൂന്ന് കാതോലിക്കാമാർ ഇല്ല. തോമസ് മാർ ദീവന്നാസിയോസിനെ കാതോലിക്കായായി നമ്മുടെ സഭ അംഗീകരിക്കുന്നില്ല. പരമാധികാരവുമില്ല. സിറിൽ മാർ ബസേലിയോസ് കാതോലിക്കാ അല്ല എന്ന് പത്രത്തിൽ വായിച്ചതല്ലേ. He is only a major Arch Bishop. വെറുതെ ഒരു ആർച്ച് ബിഷപ്പ് കാതോലിക്കായാണ് എന്ന് പറയുന്നത് മോശമല്ലേ. കാതോലിക്കായ്ക്ക് തുല്യസ്ഥാനം പോപ്പിനാണ് ഉള്ളത്.

9. എന്താണ് ഇവരിൽ നിന്ന് ഞങ്ങളുടെ കാതോലിക്കാ ബാവായെ വ്യത്യസ്തനാക്കുന്നത്. സമൂഹത്തിൽ നമ്മുടെ കാതോലിക്കേറ്റിന്റെ പ്രാധാന്യം എന്താണ്?

മുൻപ് പറഞ്ഞ രണ്ടു പേർക്കും പരമാധികാരം ഇല്ല. അവരുടെ മുകളിൽ ഭരണത്തിന് വേറെ ആൾക്കാരുണ്ട്. സിറിൽ മാർ ബസേലിയോസിനു മുകളിൽ പോപ്പ് ഉണ്ട്. He is the Supreme Power. ദീവന്നാസിയോസിനു മുകളിൽ പാത്രിയർക്കീസും. പരമാധികാരം പരിശുദ്ധ കാതോലിക്കായ്ക്ക് മാത്രമാണ്. അതു തന്നെയാണ് നമ്മുടെ കാതോലിക്കേറ്റിന്റെ പ്രാധാന്യം.

10. Stealing the sheeps. ഇത് മലങ്കര സഭയുടെ പ്രയോഗമാണ്. ഒരു കാലഘട്ടത്തിൽ ആടുകളെ കട്ടോണ്ടു പോയത് കത്തോലിക്കാ സഭയാണ് എങ്കിൽ ഇന്ന് അത് പ്രോട്ടസ്റ്റന്റ്കാരും കൂട്ടി ദൈവങ്ങളുമാണ്. ബാവാ തിരുമേനി ഇതിനോട് എങ്ങനെ പ്രതികരിക്കുന്നു?

മോഷണം പാപമാണ്, തെറ്റാണ്. അവർ ചെയ്യുന്നത് തെറ്റാണ്. (ശക്തമായ ഭാഷയിൽ) പണം കാട്ടിയാണ് അവർ നമ്മുടെ സഭാ മക്കളെ അവിടേക്ക് ആകർഷിക്കുന്നത്. ഇത് ശക്തമായി നിയന്ത്രിക്കുവാനുള്ള സംവിധാനം വരും. ബോധവൽക്കരണമാണ് ഇവിടെ ആവശ്യം. കാരുണ്യാ ഗൈഡൻസ് സെന്റർ, സഭയുടെ മിഷ്യൻ സംഘടനകൾ ഒക്കെ ശ്രദ്ധിക്കണം, പ്രവർത്തിക്കണം.

11. ജീവകാരുണ്യ പ്രവർത്തന രംഗത്തെ മലങ്കര സഭ?

നമ്മുടെ വലിയ ബാവായുടെ കാലത്ത് ധാരാളം പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. അടുത്തയിടെ 90 കുട്ടികളുടെയാണ് വിവാഹ ചെലവ് നടത്തിയത്. സുനാമി ദുരിതാശ്വാസത്തിന് 5 കോടി രൂപയാണ് കൊടുത്തത്. അങ്ങനെ വളരെയേറെ....

12. തിരുമേനിയുടെ ജീവ കാരുണ്യ പ്രവർത്തനങ്ങൾ?

(ശബ്ദം താഴ്ത്തി) 28 കുട്ടികളെ ഞാൻ വളർത്തുന്നുണ്ട്. വേണ്ട, വലത് കൈ ചെയ്യുന്നത് ഇടതു കൈ അറിയരുത് എന്നല്ലേ (ചിരിക്കുന്നു).

13. ക്രിസ്തുവിന്റെ മനുഷ്യാവതാര പ്രക്രിയയുടെ മുഖ്യ ലക്ഷ്യം ഭൂമിയിൽ ദൈവരാജ്യസ്ഥാപനമായിരുന്നു. ഈ നൂറ്റാണ്ടിൽ ഇതിൽ മലങ്കര സഭയുടെ പങ്ക് എന്താണ്?

സ്വർഗ്ഗം എടുത്ത് ഭൂമിയിൽ വയ്ക്കുക സാധ്യമാണോ? എന്നാൽ സാധിക്കും. You can create heaven on earth, through only holy life, അത് വിശുദ്ധ ജീവിതത്തിലൂടെ മാത്രമേ സാധ്യമാക്കുകയുള്ളു.

14. സഭയിലെ യുവജനങ്ങളെ ബാവാ തിരുമേനി മാറി നിന്ന് ശ്രദ്ധിക്കാറുണ്ടോ?

ഇല്ല. ശ്രദ്ധിക്കാറില്ല. ഇനിയും ശ്രദ്ധിക്കും.

15. തിരുമേനി കൂടുതൽ സ്നേഹിക്കുന്നത് ആരെയാണ്?

നമ്മുടെ അച്ചൻമാരെ ഞാൻ ഏറെ സ്നേഹിക്കുന്നു. അതുപോലെ അവർ ജനങ്ങളെ സ്നേഹിക്കണം.

16. മലബാർ ഭദ്രാസന ഭരണത്തിലായിരുന്നപ്പോൾ ഉള്ള അനുഭവങ്ങൾ?

ഇപ്പോഴും ഞാൻ മലബാർ ഭദ്രാസന ചുമതല ഒഴിഞ്ഞിട്ടില്ല. ഇവിടെ ഇരുന്ന് ഒരു റിമോട്ട് കൺട്രോൾ ഭരണം. ഞങ്ങളുടേത് ഒരു നല്ല ഭദ്രാസനമാണ്. അവിടുത്തെ അച്ചന്മാരേയും അൽമായക്കാരേയും യുവജനങ്ങളേയും ഞാൻ ഏറെ സ്നേഹിക്കുന്നു.

17. യുവജനങ്ങളോട് ബാവാ തിരുമേനിക്ക് നൽകാനുള്ള സന്ദേശം എന്താണ്?

മര്യാദക്ക് നടക്കണം. സഭയുടെ ചട്ടങ്ങൾ നിർബന്ധമായും അനുസരിക്കണം. മദ്യപാനം ഉപേക്ഷിക്കണം. സിനിമ, നാടകം എന്നൊക്കെ പറഞ്ഞ് ജീവിതം നശിപ്പിക്കരുത്. ദൈവത്തിലേക്ക് തിരിയേണം. ഉപവാസം, പ്രാർത്ഥന, നോമ്പ് ഇവ മുടക്കരുത്.

18. ബാവാ തിരുമേനിയുടെ പിൻഗാമി ആരായിരിക്കും?

ഇന്ന് സഭയിൽ 23 മെത്രാപ്പോലീത്താമാർ ഉണ്ട്. ആരു വേണമെങ്കിലും ആവാം.

19. വ്യക്തിപരമായി ആരെയെങ്കിലും നിർദേശിക്കുവാൻ ആഗ്രഹിക്കുന്നുവോ?

(വളരെ ആലോചിച്ചു) വ്യക്തിപരമായി ഈ കാര്യത്തിൽ അഭിപ്രായം പറയില്ല. അതു ശരിയല്ല. മലങ്കരസഭയുടെ കീഴ്വഴക്കം അനുസരിച്ച് എന്റെ പിൻഗാമിയെ അസോസിയേഷൻ തിരഞ്ഞെടുക്കും. Procedure അനുസരിച്ച് എനിക്ക് ആഗ്രഹിക്കുവാൻ പറ്റില്ല. നമ്മുടെ സഭയിൽ പൂർണമായും ജനാധിപത്യം ഉണ്ടാകണം.

20. ഉറങ്ങുമ്പോൾ ബാവാ തിരുമേനി സ്വപ്നം കാണാറുണ്ടോ?

ചുരുക്കം. പതിവില്ല. അതിനുള്ള പ്രാർത്ഥനയുണ്ട്. നമ്മൾ സൂത്താറായിൽ ചൊല്ലാറില്ലേ, തവക്ഷീണത്തിൽ സ്ക്കീപ്പായാൽ...., ശരീരമടങ്ങിയുറങ്ങുമ്പോൾ..... (തിരുമേനി മാർ അപ്രേമിന്റെ മെമ്രാ ചൊല്ലി കേൾപ്പിച്ചു). എങ്കിലും കാലീകമായ ചിന്തകൾ ഓർമ്മയിൽ വരാറുണ്ട് (ചിരിക്കുന്നു). ദൈവത്തിന്റെ തിരുമുമ്പിൽ സൗരഭ്യമേറുന്ന ധൂപം പോലെ ആയിരിക്കണം നമ്മുടെ ഉറക്കം.

പ്രാർത്ഥനക്കായി പിരിയും മുൻപ് കുശലാന്വേഷണങ്ങൾ നടത്തുവാനും ഇനിയും വരണം എന്ന് ഓർമ്മിപ്പിക്കുവാനും ബാവാ തിരുമേനി മറന്നില്ല. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ നെടുനാൾ വാഴുക എന്ന് ആശംസിക്കുവാൻ ഞങ്ങളും.

തയാറാക്കിയത്: രാജ് ഫിലിപ്പ്, രഞ്ജു കെ. മാത്യു, ജോൺസൺ പി. ചെറിയാൻ, ഗീവർഗീസ് സി. ആർ.

ജാലകം

'ജെട്രോഫ' ബയോഡീസൽ വരുന്നു....

ആദ്യത്തെ ഡീസൽ എഞ്ചിൻ ലോകത്തിനു മുൻപിൽ 1893-ൽ പ്രവർത്തിപ്പിച്ച ജർമൻകാരനായ റൂഡോൾഫ് ഡീസലിൽ നിന്ന്.....ഇന്ന് 2005 ആയപ്പോൾ പരിസര മലിനീകരണത്തിനു കാരണമാകുന്ന പെട്രോഡീസലിന് പകരം ബയോഡീസൽ വരയായി. നമ്മുടെ നാട്ടിൽ വേലിക്ക് നട്ടുപിടിപ്പിച്ചിരുന്ന കടലാവണക്കെണ്ണ ചെടിയുടെ (അപ്പച്ചെടി) വംശക്കാരനാണ് ഡീസൽ കായ്ക്കുന്ന മരമെന്നറിയപ്പെടുന്ന ജെട്രോഫ സിർക്കാസ് എന്ന ശാസ്ത്രീയ നാമത്തിൽ അറിയപ്പെടുന്ന ജെട്രോഫചെടി. ഇതിന്റെ കായിൽ നിന്നാണ് ബയോഡീസൽ എടുക്കുന്നത്.

കരാളി, റബർ തുടങ്ങിയ ഒട്ടേറെ മരങ്ങളുടെ കായ്ക്കൾ പരീക്ഷണവിധേയമാക്കി യെങ്കിലും ഏറ്റവും കൂടുതൽ എണ്ണയുള്ളത് ജെട്രോഫയിലാണെന്നാണ് കണ്ടെത്തിയിരിക്കുന്നത് (60%). മഴ കുറവായിടത്തും എന്നും പെരുമഴ പെയ്യുന്ന നാട്ടിലും ജെട്രോഫ വളരും, വിളയും. കായ്ച്ചു തുടങ്ങാൻ ഒരു വർഷം മതിയെന്നതും ഈ ചെടിക്ക് അനുഗ്രഹമായി. ഒരിക്കൽ നട്ടുപിടിപ്പിച്ചാൽ 50 വർഷം വരെ വിളവു തരും, പരിസരമലിനീകരണം ഇല്ല, ഏതു തോതിലും പെട്രോഡീസലുമായി കലർത്താം, പെട്രോഡീസൽ ശേഖരിച്ച് വിതരണം ചെയ്യുന്ന അതേ അടിസ്ഥാന സൗകര്യം ഉപയോഗിക്കാം. അതിനാൽ ശേഖരണത്തിനും വിതരണത്തിനും പുതിയ മുതൽമുടക്കു വേണ്ട, പരമാവധി ഇന്ധനക്ഷമത, വാഹനങ്ങൾക്ക് കേടുപാടു കുറവ്, പെട്രോളിയം ഇറക്കുമതി കുറയ്ക്കാം, കുറഞ്ഞുവരുന്ന പെട്രോളിയം ശേഖരണത്തിന് സംരക്ഷണം, എണ്ണവിത്തുകൃഷിയിലൂടെ കാർഷികമേഖലയുടെ വളർച്ച, ഗ്രാമീണ മേഖലയിൽ വൻതോതിൽ തൊഴിൽ എന്നീ ഗുണങ്ങളൊക്കെ പരിഗണിച്ചാണ് ഇന്ത്യയിൽ ജെട്രോഫയെ ബയോഡീസലിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

അമേരിക്ക യൂറോപ്പ് എന്നിവിടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉത്പാദന ചെലവ് കുറഞ്ഞ രാജ്യമായതിനാൽ ലോകത്തിന് മുഴുവൻ ബയോഡീസൽ നൽകുവാൻ ഇന്ത്യയ്ക്ക് കഴിയും. ആവശ്യമുള്ള പെട്രോളീയത്തിന്റെ 70% ഇറക്കുമതി ചെയ്യുന്ന ഇന്ത്യയുടെ സ്വപ്നങ്ങൾക്ക്... പ്രഥമ പൗരൻ അബ്ദുൾ കലാമിന്റെ സ്വപ്നങ്ങൾക്ക്..... ഒടുവിൽ പുതിയ ചിറകുകൾ നൽകുകയാണ് ജെട്രോഫയും ബയോഡീസലും

- ഗീവർഗീസ് സി. ആർ. ചിറപ്പുറം

നവദമ്പതികൾക്ക് ആശംസകൾ

സുനിൽ മാത്യുവും
(കൊച്ചുപറമ്പിൽ)
ബിൻസിയും

മഞ്ജു വർഗീസും
(ചാലുവേലിൽ മറ്റത്തിൽ)
ജോൺസൺ വർഗീസും

ജോബി ബേബിജോണും
(പട്ടശ്ശേരിൽ എരുത്തലിൽ)
വിൻസിയും

ദിലീപ് ജെ. കുര്യനും
(പുഷ്പശ്ശേരിൽ)
ശില്പയും





എബി റ്റി. ഏലിയാസും
(മറ്റത്തിൽ ചാലുവേലിൽ)
എൽസമ്മയും

ഷിജുവും
(കൊച്ചുപറമ്പിൽ)
അഞ്ജുവും

റജി റ്റി. മാത്യുവും
(തുണ്ടിപ്പറമ്പിൽ)
ഷേർളിയും

ബിന്ദു മേരി തോമസും
(ചിറപ്പുറം)
വിനു കുറിയാക്കോസും



ബോബി വർഗീസും
(ആഞ്ഞിലിമൂട്ടിൽ)
സോണിയയും

പ. ഔഗേൻ ബാവാ
ഓർമ്മ ഡിസംബർ 8

പ. ഗീവർഗീസ് പ്രഥമൻ ബാവാ
ഓർമ്മ ഡിസംബർ 16



പൗലോസ് മാർ ഗ്രീഗോറിയോസ്
ഓർമ്മ നവംബർ 24

മാർ ദീവന്നാസ്യോസ് പുലിക്കോട്ടിൽ
ഓർമ്മ നവംബർ 24

Printed and Published by Fr. Jai Zachariah, President St. George Youth Movement, Kuzhimattom. Editor: Renju K. Mathew Karot puthenpurackal, Kuzhimattom P. O., Kottayam
Printed at Sophia Print House, Azad Lane, Kottayam, Ph: 2303237, 98474 98303